VOL NO: 09
ISSUE 50
2025 DECEMBER 13
₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

■ സ്ത്രീകൾക്ക് പള്ളി നിഷിദ്ധമോ?



# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ; ഒരു വിശകലനം

ഏറെ കൊട്ടിഘോഷിച്ച ത്രിതല പഞ്ചായത്ത് ഇലക്ഷൻ ഫലം പുറത്തുവന്നു. തിരഞ്ഞെടുക്കപ്പെട്ടത്-കക്ഷി രാഷ്ട്രീയത്തിനപ്പുറം-ജനങ്ങളുടെ പ്രതിനിധികളാണ്. ജനാധിപത്യ പ്രക്രിയയിൽ ഭരണം ഏറ്റെടുക്കുന്നത് വരെ മാത്രമല്ല, തുടർന്നും അവർ ക്ഷേമപ്രവർത്തനങ്ങളുടെ തേരാളികളാണ്. എന്തൊക്കെയാണ് ഉത്തരവാദിത്തങ്ങൾ, എന്തൊക്കെയാണ് കടമകൾ? ഹ്രസ്വ വിശകലനം.

**പ്രാർഥനയുടെ നിത്യപ്രസക്തി**

**പ്രവാചകത്വത്തെ നിഷേധിക്കുന്നവർ**

**അല്ലാഹു ഉത്തമമായത് പകരം നൽകും**




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

# 464
# നേർപഥം
വാരിക

2025 ഡിസംബർ 13
1447 ജമാദുൽ ആഖിർ 22
പുസ്തകം 09 / ലക്കം 50






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**





മുഫീദ് പാലക്കാഴി

ഏറെ കൊട്ടിഘോഷിച്ച ത്രിതല പഞ്ചായത്ത് ഇലക്ഷൻ ഫലം പുറത്തുവന്നു. തിരഞ്ഞെടുക്കപ്പെട്ടത്-കക്ഷി രാഷ്ട്രീയത്തിനപ്പുറം- ജനങ്ങളുടെ പ്രതിനിധികളാണ്. ജനാധിപത്യ പ്രക്രിയയിൽ ഭരണം ഏറ്റെടുക്കുന്നത് വരെ മാത്രമല്ല, തുടർന്നും അവർ ക്ഷേമപ്രവർത്തനങ്ങളുടെ തേരാളികളാണ്. എന്തൊക്കെയാണ് ഉത്തരവാദിത്തങ്ങൾ, എന്തൊക്കെയാണ് കടമകൾ?
ഹ്രസ്വ വിശകലനം.


**04** പ്രതികരണം
സ്ത്രീ പള്ളിപ്രവേശം: സമസ്തക്കാർ ദുർവാശി വെടിയണം
അബ്ദുൽ മാലിക് സലഫി

**05** മുഖമൊഴി
പ്രാർഥനയുടെ നിത്യപ്രസക്തി

**06** ലേഖനം
പ്രവാചകത്വത്തെ നിഷേധിക്കുന്നവർ
ശമീർ മദീനി

**18** കുടുംബപഥം
സ്ത്രീകൾക്ക് പള്ളി നിഷിദ്ധമോ?
ഹംസ ജമാലി

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു ഖസ്വസ്വ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ലേഖനം
ഇഖ്‌വാനുൽ മുസ്‌ലിമൂൻ: മതത്തിന്റെ പരിവേഷമണിഞ്ഞ അപകടം
മുഹമ്മദ് അമീൻ

**31** ഹദീസ് പാഠം
അല്ലാഹു ഉത്തമമായത് പകരം നൽകും
സിയാദ് അൽഹികമി വയനാട്

**32** വനിതാപഥം
ക്ഷമയിലെ നന്മ
നസീമ വാടാനപ്പള്ളി

**34** കവിത
ചോദ്യങ്ങൾ
തെസ്ന വീരാൻ



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

അബ്ദുൽ മാലിക് സലഫി

# സ്ത്രീ പള്ളിപ്രവേശം: സമസ്തക്കാർ ദുർവാശി വെടിയണം

മതത്തിന്റെ പ്രമാണങ്ങൾ വിശ്വാസികൾക്ക് അനുവദിച്ചതിനെ വിലക്കുകയും വിലക്കിയതിനെ അനുവദിക്കുകയും ചെയ്യുക എന്നത് സമസ്തക്കാരുടെ പതിവാണ്. സ്ത്രീകളുടെ പള്ളി പ്രവേശനം ഒന്നാമത്തെതിനും ഖബ്റുകൾ കെട്ടി ഉയർത്തൽ രണ്ടാമത്തെതിനും ഉദാഹരണമാണ്.

പള്ളിയിൽ വന്ന് ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കുക എന്നത് മതം സ്ത്രീകൾക്ക് അനുവാദം നൽകിയ വിഷയമാണ്. എന്നാൽ, അത് ഹറാം ആണ് എന്നാണ് കേരള സമസ്തക്കാരുടെ വിചിത്രവാദം! ഈ വാദം പ്രമാണങ്ങൾക്ക് വിരുദ്ധമാണെന്ന് മാത്രമല്ല, ശാഫിഈ മദ്ഹബിലെ പൗരാണിക കർമശാസ്ത്ര ഗ്രന്ഥങ്ങൾക്കും എതിരാണ്. സംസ്ഥാനക്കാർ 'ഹറാമാണ് ' എന്ന വാദത്തെ എതിർക്കുന്നവരാണ്. ഈ വിഷയത്തിൽ വന്ന പ്രമാണങ്ങൾ പരിശോധിക്കാം:

സൂറ: അഹ്സാബിലെ 33-ാം ആയത്തിൽ അല്ലാഹു പറഞ്ഞ

وقرن في بيوتكن

'നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക' എന്നതിനെ വിശദീകരിച്ച് മഹാനായ മുഫസ്സിർ ഇബ്നു കഥീർ(റഹി) പറയുന്നു:

وقَوْلُهُ: ﴿وَقَرْنَ فِي بُيُوتِكُنَّ﴾ أَيِ: الْزَمْنَ بُيُوتَكُنَّ فَلَا تَخْرُجْنَ لِغَيْرِ حَاجَةٍ. وَمِنَ الْحَوَائِجِ الشَّرْعِيَّةِ الصَّلَاةُ فِي الْمَسْجِدِ بِشَرْطِهِ،

അഥവാ, മതപരമായ സ്ത്രീയുടെ ആവശ്യങ്ങളിൽ പെട്ടതാണ് നിബന്ധനകളോടെ പള്ളിയിൽ പോവുക എന്നത്.

നബി(സ) പറയുന്നു:

أَنَّ عَبْدَ اللَّهِ بْنَ عُمَرَ قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : "لَا تَمْنَعُوا نِسَاءَكُمُ الْمَسَاجِدَ إِذَا اسْتَأْذَنَّكُمْ إِلَيْهَا".

'നിങ്ങളുടെ ഭാര്യമാർ പള്ളിയിൽ പോകാൻ നിങ്ങളോട് അനുവാദം ചോദിച്ചാൽ നിങ്ങളവരെ തടയരുത്.' ഈ ഹദീസിന് ഇമാം നവവി(റഹി) നൽകിയ അധ്യായം:

خروج النساء إلى المساجد

'സ്ത്രീകൾ പള്ളിയിലേക്ക് പുറപ്പെടൽ' എന്നാണ്. ശേഷം നിബന്ധനകൾ പാലിച്ച് സ്ത്രീകൾക്ക് പള്ളിയിൽ പോവാം എന്നദ്ദേഹം ശർഹിൽ വിശദീകരിക്കുകയും ചെയ്യുന്നു.

മറ്റൊരു ഹദീസ് ഇപ്രകാരമാണ്:

عَنِ ابْنِ عُمَرَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ ، وَسَلَّمَ قَالَ : "لَا تَمْنَعُوا إِمَاءَ اللَّهِ مَسَاجِدَ اللَّهِ"

'അല്ലാഹുവിന്റെ അടിമസ്ത്രീകളെ നിങ്ങൾ പള്ളിയിൽ നിന്ന് തടയരുത്.'

രാത്രിയിൽ പോലും പോകാം എന്നുവരെയുള്ള അധ്യായങ്ങൾ ഇമാം ബുഖാരി(റഹി) തന്റെ സ്വഹീഹിൽ നൽകിയതായി കാണാം.

അത് കൊണ്ടു തന്നെ നബി(സ്വ)യുടെ കാലം മുതൽ ഈ അനുവാദം ലോകമെമ്പാടുമുള്ള മുസ്‌ലിം സ്ത്രീകൾ അനുഭവിക്കുന്നുണ്ട്. സ്ത്രീകൾക്ക് പള്ളി ഹറാം എന്നത് നാല് മദ്ഹബിന്റെ ഇമാമുകൾക്കും അപരിചിതമായ വാദമാണ്.

ഹറാം വാദക്കർ പക്ഷേ, മജ്‌ലിസുന്നൂർ, ഉറൂസ്, നേർച്ചകൾ, പാതിരാ വഅളുകൾ... എന്നിവക്ക് രാപകൽ വ്യത്യാസമില്ലാതെ സ്ത്രീകൾക്ക് അനുവാദം നൽകുകയും ചെയ്യുന്നു. പള്ളിയിൽ ഫിത്‌ന വാദമുന്നയിക്കുന്നവരാണ് ഇതെല്ലാം അനുവദിക്കുന്നത് എന്നതാണ് വിരോധാഭാസം!

ഇപ്പോൾ നമസ്ത പള്ളികൾക്ക് സമീപം സ്ത്രീ മുസ്വല്ലകൾ ഉയർന്നു തുടങ്ങിയത് ശുഭസൂചനയാണ്. പ്രമാണങ്ങൾ സ്ത്രീകൾക്ക് നൽകിയ ഈ അനുവാദത്തെ ദുർന്യായങ്ങൾ ഉയർത്തി തടയുന്ന ദുർവാശി സമസ്തക്കാർ വെടിയണം. ഇന്നല്ലെങ്കിൽ നാളെ അവർക്ക് ഈ ഹറാം വാദം ഉപേക്ഷിക്കേണ്ടി വരും!

ഈ വിഷയത്തിൽ സത്യം വിളിച്ച് പറയുന്നവരെ അധിക കാലമൊന്നും വിരട്ടി തിരുത്തിക്കാൻ സമസ്തയ്ക്കാവില്ല. ■

“(നബിയേ,) പറയുക:
നിങ്ങളുടെ പ്രാർഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ്
നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്?...” (25:77).

# പ്രാർഥനയുടെ നിത്യപ്രസക്തി

‘അസ്സലാമു അലൈക്കും.’

‘വ അലൈകുമുസ്സലാം!’

‘എന്തൊക്കെയുണ്ട് വിശേഷം?’

‘എന്തു പറയാനാ, അങ്ങനെ പോകുന്നു...!’

‘എന്തോ പ്രശ്നമുള്ളതുപോലുണ്ടല്ലോ.’

‘ഒരു സമാധാനവുമില്ല...ഓരോരോ പ്രശ്നങ്ങൾ...!’

ഈ വ്യക്തിയെ നന്നായി അറിയാം. പ്രകടമായ പ്രശ്നങ്ങളൊന്നുമില്ല. രോഗങ്ങളില്ല. സാമ്പത്തിക നില ഭദ്രം. കുടുംബത്തിലും പ്രശ്നങ്ങളുള്ളതായി അറിയില്ല. എന്നിട്ടും സ്രഷ്ടാവിനെ സ്തുതിക്കാതെ ‘ഒരു സമാധാനവുമില്ല’ എന്ന് ആവലാതിപ്പെടുന്നു!

ഇത് ഒരു വ്യക്തിയുടെ കാര്യമല്ല; പലരും ഇങ്ങനെയാണ്. അനാവശ്യമായ ഭീതി പലരും ഉള്ളിൽ കൊണ്ടുനടക്കുന്നുണ്ട്. സ്രഷ്ടാവിൽ ഭരമേൽപിക്കുന്ന, അവന്റെ വിധിയിൽ വിശ്വസിക്കുന്ന ഒരു മുസ്‌ലിമിന് ഇത്തരമൊരു ഭീതി ഉള്ളിൽ കൊണ്ടുനടക്കാൻ എങ്ങനെ കഴിയും?

‘അല്ലാഹുവിനെ കുറിച്ചുള്ള സ്മരണകൊണ്ടത്രെ മനസ്സുകൾ സമാധാനമടയുന്നത്’ എന്ന ക്വുർആൻ സൂക്തം നിരർഥകമല്ലല്ലോ. ആ സ്മരണ നിലനിൽക്കാത്തതുകൊണ്ടല്ലേ മനസ്സുകൾ അശാന്തമാകുന്നത്?

പ്രയാസങ്ങൾ വന്നുചേർന്നാൽ തന്നെ അത് അല്ലാഹുവിന്റെ പരീക്ഷണത്തിന്റെ ഭാഗമാണ് എന്ന യാഥാർഥ്യം ഉൾക്കൊണ്ട് ക്ഷമിക്കുകയും പ്രാർഥിക്കുകയുമല്ലേ വിശ്വാസികൾ ചെയ്യേണ്ടത്?

“കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക” (2:155).

ഇത്തരം വിഷമഘട്ടങ്ങളിലെ ക്ഷമയും പ്രാർഥനയും സ്വർണത്തെ അഗ്നി എന്നപോലെ വിശ്വാസിയെ പാപങ്ങളിൽനിന്നും പരിശുദ്ധമാക്കുന്നു. ഇസ്‌ലാം പ്രാർഥനയ്ക്ക് വളരെയധികം പ്രാധാന്യം നൽകുന്നു. പരലോക രക്ഷയ്ക്കു മാത്രമല്ല, ഇഹലോകജീവിത സംതൃപ്തിക്കും ഐശ്വര്യത്തിനും പ്രാർഥന അനിവാര്യമാണെന്ന് ക്വുർആൻ പഠിപ്പിക്കുന്നു. രഹസ്യമായും പരസ്യമായും അഹോരാത്രം ദൈവത്തിന്റെ മാർഗത്തിലേക്ക് ക്ഷണിച്ചിട്ടും അതിനെ അവഗണിച്ച ഒരു ജനതയോട് നൂഹ് നബി (അ) പറഞ്ഞു: “...നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനത്തിനായി പ്രാർഥിക്കുക. അവൻ പൊറുത്തുകൊടുക്കുന്നവനാകുന്നു. ആകാശത്തിൽനിന്നും അവൻ നിങ്ങൾക്കു ധാരാളം മഴ വർഷിപ്പിക്കും. സമ്പത്തും സന്താനങ്ങളും അവൻ നിങ്ങൾക്കു വർധിപ്പിക്കും തോട്ടങ്ങളും നദികളും അവൻ നിങ്ങൾക്ക് നൽകുകയും ചെയ്യും” (71:10-12)

ഇന്ദ്രിയങ്ങൾവഴി അറിയുവാൻ കഴിയാത്ത ഒരു ശക്തിയുണ്ടെന്ന ദൃഢവിശ്വാസമാണ് പ്രാർഥന പ്രതിഫലിപ്പിക്കുന്നത്. പലരും ജീവിതത്തിൽ പരാജയപ്പെടുന്നത് ഇതിന്റെ അഭാവം കൊണ്ടാണ്. നിഷ്കളങ്കവും ഭക്തിനിർഭരവും വിനയപൂർണവുമായ പ്രാർഥനയ്ക്ക് ഉത്തരം നൽകുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അതോടൊപ്പം സ്രഷ്ടാവായ അല്ലാഹുവിനോടുമാത്രമെ പ്രാർഥിക്കാവൂ എന്നും ക്വുർആൻ ഗൗരവപൂർവം താക്കീതുചെയ്യുന്നു. അല്ലാഹുവിന്റെ പരിഗണന ലഭിക്കുവാൻ അവനോടുള്ള പ്രാർഥന അനിവാര്യമാണ്. ■



# പ്രവാചകത്വത്തെ നിഷേധിക്കുന്നവർ

ശമീർ മദീനി
: 9048 221 212

## പിശാചിന്റെ ചതിക്കുഴികൾ-16

മനുഷ്യരുടെ ഇഹപര രക്ഷയ്ക്കായി അവരിൽനിന്നുതന്നെ പ്രവാചകന്മാരെ നിയോഗിക്കുകവഴി അല്ലാഹു വലിയ അനുഗ്രഹമാണ് ചെയ്തിരിക്കുന്നത്. എന്നാൽ ആ അനുഗ്രഹത്തെയും അതിന്റെ യാഥാർഥ്യത്തെയും നിഷേധിക്കുന്നതിലേക്ക് മനുഷ്യരെ കൊണ്ടെത്തിക്കാൻ പിശാച് പല ദുർന്യായങ്ങളും അവരിലേക്ക് ഇട്ടുകൊടുക്കുകയുണ്ടായി.

(1) അത്തരത്തിലുള്ള, പിശാചിന്റെ ദുർബോധനങ്ങളിൽ ഒന്നാണ് മറ്റു പലർക്കും അറിയാത്തത് ചിലർക്ക് മാത്രം അറിയുക എന്നതിലെ യുക്തിയെ ചോദ്യം ചെയ്തുകൊണ്ട് പ്രവാചകത്വത്തെ നിഷേധിക്കാനുള്ള ദുർബോധനം. പ്രവാചകത്വത്തെ നിഷേധിക്കാൻ പലരും ഉന്നയിച്ച ന്യായമായിരുന്നു അത്; തങ്ങളെ പോലെയുള്ള മനുഷ്യർ മാത്രമാണ് ഇവരെന്നും തങ്ങൾക്ക് അറിയാത്തത് എങ്ങനെ ഇവർക്ക് മാത്രം അറിയാൻ കഴിയുന്നു എന്നുമുള്ള ചോദ്യം.

“അപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലെയുള്ള ഒരു മനു

നമ്മുടെ കൂട്ടത്തിൽ തന്നെ ചിലയാളുകളുടെ സംസാരവും ഇടപെടലുകളും മറ്റുചിലർക്ക് ആശ്വാസവും സമാധാനവുമാകുന്നത് നാം കാണുന്നതും അനുഭവിക്കുന്നതുമാണ്. എന്നിരിക്കെ അല്ലാഹു മനുഷ്യരുടെ ഇഹപര നന്മക്കായി അവരിൽനിന്നുതന്നെ ചിലരെ നന്മകളിലേക്ക് വഴിനടത്തുന്ന ദൂതന്മാരായി തെരഞ്ഞെടുത്തു എന്നതിൽ എന്ത് അസാംഗത്യമാണുള്ളത്?

ഷ്യൻ മാത്രമാകുന്നു. നിങ്ങളെക്കാളുപരിയായി അവൻ മഹത്ത്വം നേടിയെടുക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ (ദൂതൻമാരായി) മലക്കുകളെ തന്നെ ഇറക്കുമായിരുന്നു. ഞങ്ങളുടെ പൂർവപിതാക്കൾക്കിടയിൽ ഇങ്ങനെയൊന്ന് ഞങ്ങൾ കേട്ടിട്ടില്ല" (23:24). 23:33-38 വചനങ്ങളും ഇതേ കാര്യം പറഞ്ഞുതരുന്നുണ്ട്.

*മറുപടി:* ബുദ്ധിയും യുക്തിയും നിരത്തിക്കൊണ്ടുതന്നെ ഇതിന് ഉത്തരം കണ്ടെത്തുവാൻ ശ്രമിക്കുകയാണെങ്കിൽ നമുക്ക് ബോധ്യപ്പെടുന്ന ചില സംഗതികളുണ്ട്. അതായത്, ചില വ്യക്തികൾക്ക് മറ്റു ചിലരെക്കാൾ പല പ്രത്യേകതകളും ഉള്ളതായി നമുക്ക് കാണാം. എല്ലാവർക്കും ഇല്ലാത്ത ചില സവിശേഷതകൾ മറ്റു ചിലർക്കുണ്ടാകുന്നത് സ്വാഭാവികമാണ്; അതിൽ യാതൊരു അസാംഗത്യവും ഇല്ല. ദൈവികമായ വെളിപാടുകൾ ഏറ്റെടുക്കുന്നതിന് അത്തരം സവിശേഷതകൾ ഉള്ളവരെ അല്ലാഹു തെരഞ്ഞെടുക്കുന്നു എന്നത് അല്ലാഹുതന്നെ പറഞ്ഞ സംഗതിയാണ്.

"മലക്കുകളിൽനിന്നും മനുഷ്യരിൽനിന്നും അല്ലാഹു ദൂതൻമാരെ തെരഞ്ഞെടുക്കുന്നു. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമത്രെ"(22:75).

"അവർക്ക് വല്ല ദൃഷ്ടാന്തവും വന്നാൽ, അല്ലാഹുവിന്റെ ദൂതൻമാർക്ക് നൽകപ്പെട്ടത് പോലുള്ളത് ഞങ്ങൾക്കും ലഭിക്കുന്നതുവരെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല എന്നായിരിക്കും അവർ പറയുക. എന്നാൽ അല്ലാഹുവിന്ന് നല്ലവണ്ണമറിയാം; തന്റെ ദൗത്യം എവിടെയാണ് ഏൽപിക്കേണ്ടതെന്ന്. കുറ്റകൃത്യങ്ങളിൽ ഏർപെട്ടവർക്ക് തങ്ങൾ പ്രയോഗിച്ചിരുന്ന കുതന്ത്രത്തിന്റെ ഫലമായി അല്ലാഹുവിങ്കൽ ഹീനതയും കഠിനമായ ശിക്ഷയും വന്നുഭവിക്കുന്നതാണ്"(6:124).

മനുഷ്യരിൽ മാത്രമല്ല ചെടികളിലും കല്ലുകളിലും മണ്ണിലുമൊക്കെ ഈ സവിശേഷത നമുക്ക് ദർശിക്കാൻ കഴിയും. ചില ചെടികളുടെ ഇലകളും കായ്കളും പൂക്കളും മറ്റും പ്രത്യേകമായ അളവിലും രൂപത്തിലും ഉപയോഗിക്കുമ്പോൾ അത് രോഗപ്രതിരോധത്തിനും ചികിത്സക്കും ഒക്കെയുള്ള ഔഷധമായി മാറുന്നു എന്നത് അവയ്ക്കുള്ള സവിശേഷതകളാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്?

ഒരു കവി പറഞ്ഞതുപോലെ 'മുഹമ്മദ് (സ്വ) ഒരു മനുഷ്യനാണ്; എന്നാൽ മറ്റു മനുഷ്യരെ പോലെയല്ല. മരതകവും ഒരു കല്ലാണ്; പക്ഷേ, അത് മറ്റു കല്ലുകളെ പോലെയല്ലല്ലൊ."

മനുഷ്യരിൽനിന്നുതന്നെ ഒരു ദൂതനെ അല്ലാഹു അയച്ചു എന്നതിൽ എന്താണ് ഇത്ര അത്ഭുതപ്പെടാ നുള്ളത്?

"എന്നാൽ അവരിൽനിന്നു തന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്ത് വന്നതിനാൽ അവർ ആശ്ചര്യപ്പെട്ടു. എന്നിട്ട് സത്യനിഷേധികൾ പറഞ്ഞു: ഇത് അത്ഭുതകരമായ കാര്യമാകുന്നു" (50:2).

"ജനങ്ങൾക്ക് താക്കീത് നൽകുകയും സത്യവിശ്വാസികളെ, അവർക്ക് അവരുടെ രക്ഷിതാവിങ്കൽ സത്യത്തിന്റേതായ പദവിയുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക എന്ന് അവരുടെ കൂട്ടത്തിൽ നിന്നുതന്നെയുള്ള ഒരാൾക്ക് നാം ദിവ്യസന്ദേശം നൽകിയത് ജനങ്ങൾക്ക് ഒരു അത്ഭുതമായിപ്പോയോ? സത്യനിഷേധികൾ പറഞ്ഞു: ഇയാൾ സ്പഷ്ടമായും ഒരു മാരണക്കാരൻ തന്നെയാകുന്നു"(10:2).

ഈ സംശയങ്ങൾക്ക് ഉത്തരം പറയാൻ

ചിലയാളുകൾ കണ്ടെത്തിയ വഴി 'പ്രവാചകൻ സാധാരണ മനുഷ്യനല്ല' എന്ന വാസ്തവ വിരുദ്ധവും വിചിത്രവുമായ ചില വാദത്തിലൂടെയാണ്. എന്നാൽ വിശുദ്ധ ക്വുർആൻ തറപ്പിച്ചു പറയുന്നു; മുഹമ്മദ് നബി(സ്വ) ഒരു മനുഷ്യൻ തന്നെയാണ്. പക്ഷേ, മറ്റു മനുഷ്യരെപ്പോലെയല്ല എന്ന്.

"(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമം പ്രവർത്തിക്കുകയും തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ" (18:110).

"നീ പറയുക: ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു എന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. ആകയാൽ അവങ്കലേക്കുള്ള മാർഗത്തിൽ നിങ്ങൾ നേരെ നിലകൊള്ളുകയും അവനോട് നിങ്ങൾ പാപമോചനം തേടുകയും ചെയ്യുവിൻ..."(41:6).

നമ്മുടെ കൂട്ടത്തിൽ തന്നെ ചിലയാളുകളുടെ സംസാരവും ഇടപെടലുകളും മറ്റുചിലർക്ക് ആശ്വാസവും സമാധാനവുമാകുന്നത് നാം കാണുന്നതും അനുഭവിക്കുന്നതുമാണ്. എന്നിരിക്കെ അല്ലാഹു മനുഷ്യരുടെ ഇഹപര നന്മക്കായി അവരിൽനിന്നുതന്നെ ചിലരെ നന്മകളിലേക്ക് വഴിനടത്തുന്ന ദൂതന്മാരായി തെരഞ്ഞെടുത്തു എന്നതിൽ എന്ത് അസാംഗത്യമാണുള്ളത്?

(2) പ്രവാചകത്വത്തെ നിഷേധിക്കുന്നവരുടെ മറ്റൊരു സന്ദേഹം ഇങ്ങനെയായിരുന്നു: 'മനുഷ്യരെക്കാൾ വിശുദ്ധരും സ്രഷ്ടാവിലേക്ക് അടുത്തവരുമായ മലക്കുകളെ പ്രവാചകന്മാരായി നിശ്ചയിക്കുകയായിരുന്നെങ്കിൽ അതല്ലേ ഏറ്റവും നല്ലത്? കാരണം മനുഷ്യരെ സംബന്ധിച്ചിടത്തോളം പല ഭൗതിക താൽപര്യങ്ങളുമുള്ളതായി ഊഹിക്കാനും സംശയിക്കാനുമൊക്കെ ഇടയുണ്ടല്ലോ!'

*മറുപടി:* ഈ സന്ദേഹത്തിന് പല രീതിയിൽ മറുപടി പറയാം.

ഒന്ന്) പ്രവാചകത്വത്തിന്റെ സത്യതക്ക് തെളിവായി അവതരിപ്പിക്കുന്ന അസാധാരണമായ ദൃഷ്ടാന്തങ്ങൾ (മുഅ്ജിസത്തുകൾ) മലക്കുകളെ സംബന്ധിച്ചിടത്തോളം സാധാരണ സംഗതികളായിരിക്കും. അതിനാൽ അവരെ സംബന്ധിച്ചിടത്തോളം 'മുഅ്ജിസത്ത്' എന്നത് അപ്രായോഗികവും അപ്രസക്തവുമാകും. മുഅ്ജിസത്ത് എന്നത് ദുർബലനായ മനുഷ്യന്റെ കൈകളിലൂടെ വെളിപ്പെടുന്ന ദൈവികമായ അസാധാരണ സംഭവങ്ങളാണ്. അതിനു സമാനമായതു ചെയ്യാൻ മറ്റുള്ള വർക്ക് സാധിക്കുകയില്ല. അപ്പോൾ അത് ആ പ്രവാചകന്റെ പ്രവാചകത്വത്തിനുള്ള തെളിവായി നിലകൊള്ളും. എന്നാൽ മലക്കുകളാണ് പ്രവാചകന്മാരായി വരുന്നതെങ്കിൽ ഈ ഒരു സംഗതി ഇല്ലാതെയാകും.

രണ്ട്) ഓരോ വർഗവും അതേ വർഗവുമായിട്ടാണ് കൂടുതൽ ഇണക്കവും പരിചയവുമുള്ളത്. അതിനാൽ കാര്യങ്ങളുടെ സുഗമമായ കൈമാറ്റത്തിനും ആശയ വിനിമയങ്ങൾക്കും സർവോപരി മാതൃകയാകുന്നതിനും മനുഷ്യർക്ക് മനുഷ്യരിൽനിന്ന് തന്നെയുള്ള ദൂതന്മാരായിരിക്കണം ഉണ്ടാകേണ്ടത്. ഇല്ലെങ്കിൽ അത് വലിയ പ്രതിസന്ധികൾക്കും ആശയക്കുഴപ്പങ്ങൾക്കും വഴിവെക്കും. ഉദാഹരണത്തിന്, പകലന്തിയോളം അന്നപാനീയങ്ങൾ ഉപേക്ഷിച്ച് സ്രഷ്ടാവിന്റെ പ്രീതി കാംക്ഷിച്ച് വ്രതമനുഷ്ഠിക്കുക എന്നത് അന്നപാനീയങ്ങൾ ഒന്നുംതന്നെ ആവശ്യമില്ലാത്ത മലക്കുകൾ പറയുമ്പോൾ, ഇതെല്ലാം അടിസ്ഥാന ആവശ്യമായ മനുഷ്യരെ സംബന്ധിച്ചിടത്തോളം

ഓരോ വർഗവും അതേ വർഗവുമായിട്ടാണ് കൂടുതൽ ഇണക്കവും പരിചയവുമുള്ളത്. അതിനാൽ കാര്യങ്ങളുടെ സുഗമമായ കൈമാറ്റത്തിനും ആശയ വിനിമയങ്ങൾക്കും സർവോപരി മാതൃകയാകുന്നതിനും മനുഷ്യർക്ക് മനുഷ്യരിൽനിന്ന് തന്നെയുള്ള ദൂതന്മാരായിരിക്കണം ഉണ്ടാകേണ്ടത്. ഇല്ലെങ്കിൽ അത് വലിയ പ്രതിസന്ധികൾക്കും ആശയക്കുഴപ്പങ്ങൾക്കും വഴിവെക്കും

ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യൻമാർ തന്നെയാണ്. എങ്കിലും, അല്ലാഹു തന്റെ ദാസൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവരോട് ഔദാര്യം കാണിക്കുന്നു. അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ നിങ്ങൾക്ക് യാതൊരു തെളിവും കൊണ്ടുവന്ന് തരാൻ ഞങ്ങൾക്കാവില്ല. അല്ലാഹുവിന്റെ മേലാണ് വിശ്വാസികൾ ഭരമേൽപിക്കേണ്ടത്'' (14:11).

അതിൽ മാതൃകയോ പ്രായോഗികതയോ ഉണ്ടാകുന്നില്ല. അതുപോലെതന്നെയാണ് വിവാഹം, കുടുംബം, മക്കൾ തുടങ്ങിയ കാര്യങ്ങളും. മലക്കുകളുടെയും മനുഷ്യരുടെയും പ്രകൃതങ്ങൾ വ്യത്യസ്തങ്ങളാണ്. അതിനാൽ മനുഷ്യനായ പ്രവാചകനിലാണ് മനുഷ്യന് പൂർണമായ മാതൃകയുള്ളത്.

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്'' (33:21).

"അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷേ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴികാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ഏതൊരുവന്നുള്ളതാണോ ആ അല്ലാഹുവിന്റെ പാതയിലേക്ക്. ശ്രദ്ധിക്കുക; അല്ലാഹുവിലേക്കാകുന്നു കാര്യങ്ങൾ ചെന്നെത്തുന്നത്''(42:52,53).

മൂന്ന്) മലക്കുകളുടെ യഥാർഥ രൂപത്തിൽ അവരെ കാണുവാനോ ആശയവിനിമയം നടത്തുവാനോ മനുഷ്യന് സാധ്യമല്ല. പ്രവാചകന്മാരെ അല്ലാഹു പ്രത്യേകം ശക്തിപ്പെടുത്തി പ്രാപ്തരാക്കിയതിലൂടെ അവർക്ക് അത്തരം സംഗതികൾക്ക് കഴിഞ്ഞിരുന്നെങ്കിലും മനുഷ്യൻ അതിന് അശക്തനാണ്. അതിനാൽ മലക്കുകൾ മനുഷ്യരുടെ അടുക്കലേക്കു വന്ന് വല്ല കാര്യങ്ങളും അറിയിക്കണമെങ്കിൽ മനുഷ്യരൂപത്തിൽ കോലം മാറി വരേണ്ടിവരും. അതാകട്ടെ ഫലത്തിൽ ആശയക്കുഴപ്പം വർധിപ്പിക്കുകയല്ലാതെ മേൽ സൂചിപ്പിച്ച സംഗതികൾക്ക് പരിഹാരമാകുന്നില്ല താനും. അല്ലാഹു പറയുന്നു:

"ഇനി നാം ഒരു മലക്കിനെ (ദൂതനായി) നിശ്ചയിക്കുകയാണെങ്കിൽ തന്നെ ആ മലക്കിനെയും നാം പുരുഷരൂപത്തിലാക്കുമായിരുന്നു. അങ്ങനെ (ഇന്ന്) അവർ ആശയക്കുഴപ്പമുണ്ടാക്കുന്ന വിഷയത്തിൽ (അപ്പോഴും) നാം അവർക്ക് സംശയമുണ്ടാക്കുന്നതാണ്''(6:9).

എന്നാൽ മനുഷ്യർക്ക് മനുഷ്യരിൽനിന്നു തന്നെ നല്ലവരായ ആളുകളെ പ്രവാചകന്മാരായി തെരഞ്ഞെടുക്കുന്നതിലൂടെ ഈ ആശയക്കുഴപ്പങ്ങൾ ഒന്നും ഉണ്ടാകുന്നില്ല. എന്ന് മാത്രമല്ല നിരവധി ഗുണങ്ങളും നന്മകളും നമുക്ക് ഗ്രഹിക്കുവാൻ കഴിയുകയും ചെയ്യും.

അല്ലാഹു പറയുന്നു: "തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽനിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുകവഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു''(3:164).

അവരോട് അവരിലേക്കുള്ള ദൈവദൂതൻമാർ പറഞ്ഞു: ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യൻമാർ തന്നെയാണ്. എങ്കിലും, അല്ലാഹു തന്റെ ദാസൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവരോട് ഔദാര്യം കാണിക്കുന്നു. അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ നിങ്ങൾക്ക് യാതൊരു തെളിവും കൊണ്ടുവന്ന് തരാൻ ഞങ്ങൾക്കാവില്ല. അല്ലാഹുവിന്റെ മേലാണ് വിശ്വാസികൾ ഭരമേൽപിക്കേണ്ടത്'' (14:11).

മുഫീദ് പാലക്കാഴി
: 9207520344



# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ; ഒരു വിശകലനം

കേരളത്തിൽ ത്രിതല പഞ്ചായത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പിന് സമാപനമായി. ഈ 'നേർപഥം' വായനക്കാരുടെ കൈകളിലെത്തുമ്പോഴേക്കും തിരഞ്ഞെടുപ്പു ഫലം പുറത്തുവന്നിട്ടുണ്ടാകും. ജയിച്ചത് ആരാണെങ്കിലും മെമ്പർമാരുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയെന്ന് അവരും വോട്ടർമാരും അറിഞ്ഞിരിക്കണം. തങ്ങൾക്ക് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും തങ്ങളുടെ കടമകളെ കുറിച്ചും വോട്ടർമാർ ബോധമുള്ളവരായിരിക്കണം. ത്രിതല പഞ്ചായത്ത് സംവിധാനത്തെ കുറിച്ചുള്ള സാമാന്യമായ അറിവ് എല്ലാവർക്കും ഉണ്ടായിരിക്കുന്നത് നല്ലതാണ്. ഈ വിഷയങ്ങളെ കുറിച്ച് ഒരു ലഘുവിവരണം നൽകലാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

**ഏറെ കൊട്ടിഘോഷിച്ച ത്രിതല പഞ്ചായത്ത് ഇലക്ഷൻ ഫലം പുറത്തുവന്നു. തിരഞ്ഞെടുക്കപ്പെട്ടത്-കക്ഷി രാഷ്ട്രീയത്തിനപ്പുറം-ജനങ്ങളുടെ പ്രതിനിധികളാണ്. ജനാധിപത്യ പ്രക്രിയയിൽ ഭരണം ഏറ്റെടുക്കുന്നത് വരെ മാത്രമല്ല, തുടർന്നും അവർ ക്ഷേമപ്രവർത്തനങ്ങളുടെ തേരാളികളാണ്. എന്തൊക്കെയാണ് ഉത്തരവാദിത്തങ്ങൾ, എന്തൊക്കെയാണ് കടമകൾ? ഹ്രസ്വ വിശകലനം.**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സമ്പ്രദായം മൂന്ന് തലങ്ങളിലായാണ് പ്രവർത്തിക്കുന്നത്. ഗ്രാമതലത്തിൽ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്തുകൾ എന്നിങ്ങനെയാണ് ത്രിതല പഞ്ചായത്ത് സംവിധാനം. നഗരപ്രദേശങ്ങളിൽ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ്. തദ്ദേശഭരണ വകുപ്പ് ഈ സ്ഥാപനങ്ങളുടെയെല്ലാം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ഈ സ്ഥാപനങ്ങളിലെല്ലാം ഏറ്റവും ചെറിയ ഭരണഘടകമാണ് വാർഡ്. ഒരു വാർഡിന്റെ ഭൗതിക അതിർത്തിക്കുള്ളിലെ ജനങ്ങളുടെ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും ഭരണസമിതിയിൽ എത്തിക്കുന്നതും ഭരണസമിതിയുടെ തീരുമാനങ്ങളെ വാർഡ് തലത്തിൽ നടപ്പിലാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും വാർഡ് മെമ്പറെ നിയമം ചുമതലപ്പെടുത്തുന്നു.

നഗര-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) പ്രവർത്തനങ്ങളെ പരിശോധിക്കുമ്പോൾ, അവർക്ക് നിയമപരമായി നിർബന്ധമായി പാലിക്കേണ്ട (Mandatory) 30 ചുമതലകളും 14 പൊതു ചുമതലകളുമുണ്ട്. ഈ നിയമപരമായ ബാധ്യതകൾ, ഭരണസമിതി അംഗം എന്ന നിലയിൽ ഓരോ വാർഡ് മെമ്പർക്കും ബാധകമാണ്. വാർഡ് മെമ്പർ കേവലം ഒരു രാഷ്ട്രീയ പ്രതിനിധി എന്ന നിലയിൽ ഒതുങ്ങിനിൽക്കുന്നില്ല. മറിച്ച്, അദ്ദേഹം ഭരണകൂടത്തിന്റെ താഴെത്തട്ടിലുള്ള നിയമപരമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ ബാധ്യസ്ഥനാണ്. ലൈസൻസിംഗ് നൽകുക, പൊതുജനാരോഗ്യം സംരക്ഷിക്കുക, പരിസ്ഥിതി ശുചിത്വം ഉറപ്പാക്കുക, ജനന-മരണ രജിസ്ട്രേഷൻ കൃത്യമായി നടത്തുക തുടങ്ങിയവ ഈ നിർബന്ധിത ചുമതലകളിൽപ്പെടുന്നു. വികസന വാഗ്ദാനങ്ങൾ നൽകുന്നതിനെക്കാൾ പ്രാഥമികമായി ഈ ഭരണപരമായ കാര്യക്ഷമത ഉറപ്പാക്കാനാണ് മെമ്പർമാർക്ക് നിയമപരമായ ബാധ്യതയുള്ളത്.

### വാർഡ് മെമ്പർ: ജനകീയ പ്രതിനിധിയും ഭരണകർത്താവും

ഒരു വാർഡ് മെമ്പർക്ക് രണ്ട് പ്രധാന ധർമങ്ങളാണ് നിർവഹിക്കാനുള്ളത്: ജനകീയ പ്രതിനിധിയുടെ ധർമവും ഭരണകർത്താവിന്റെ ധർമവും.

1. *ജനകീയ പ്രതിനിധി:* വാർഡിലെ ജനങ്ങളുടെ ആവശ്യങ്ങൾ, പരാതികൾ, വികസന പ്രതീക്ഷകൾ എന്നിവ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അവയ്ക്ക് വേണ്ടി വാദിക്കുകയും ചെയ്യുക. വാർഡ് സഭയുടെ തീരുമാനങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ അവതരിപ്പിക്കുന്നത് മെമ്പറാണ്.
2. *ഭരണകർത്താവ്:* ഭരണസമിതിയുടെ തീരുമാനങ്ങൾ, വാർഷിക പദ്ധതികൾ, സം

സ്ഥാന സർക്കാരിന്റെ നിയമപരമായ ഉത്തരവുകൾ, ലൈസൻസിംഗ് നടപടിക്രമങ്ങൾ എന്നിവ വാർഡ് തലത്തിൽ നിയമപരമായും കാര്യക്ഷമമായും നടപ്പിലാക്കുക. തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദേശങ്ങൾക്കും അനുസൃതമായി വിനിയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ട കടമയും മെമ്പർക്കുണ്ട്.

3. ഈ ഇരട്ട ഉത്തരവാദിത്തങ്ങൾക്കിടയിലെ സന്തുലനം ഒരു വാർഡ് മെമ്പറെ സംബന്ധിച്ചിടത്തോളം നിർണായകമാണ്. താൻ നൽകിയ രാഷ്ട്രീയ വാഗ്ദാനങ്ങളെ നിയമപരമായി നിലനിൽക്കുന്നതും സാമ്പത്തികമായി പ്രായോഗികവുമായ പദ്ധതികളാക്കി മാറ്റുക എന്നതാണ് അദ്ദേഹത്തിന്റെ പ്രധാന വെല്ലുവിളി.

## പ്രാദേശിക തിരഞ്ഞെടുപ്പുകളിലെ വാഗ്ദാനങ്ങളുടെ പൊതുസ്വഭാവം

തദ്ദേശ തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർഥികൾ നൽകുന്ന വാഗ്ദാനങ്ങൾ സാധാരണയായി മൂന്ന് പ്രധാന തലങ്ങളിലാണ് കേന്ദ്രീകരിക്കാറ്: ക്ഷേമം, അടിസ്ഥാന സൗകര്യ വികസനം, ഭരണപരമായ പരിഷ്കാരങ്ങൾ. വ്യക്തിഗതമായ വാഗ്ദാനങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ പൊതുവായ പ്രകടന പത്രികയുടെ പ്രാദേശിക രൂപങ്ങളായിരിക്കും. 2020ലെ തദ്ദേശ തിരഞ്ഞെടുപ്പ് ഫലങ്ങൾ പരിശോധിച്ചാൽ

നഗര-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) പ്രവർത്തനങ്ങളെ പരിശോധിക്കുമ്പോൾ, അവർക്ക് നിയമപരമായി നിർബന്ധമായി പാലിക്കേണ്ട (Mandatory) 30 ചുമതലകളും 14 പൊതു ചുമതലകളുമുണ്ട്. ഈ നിയമപരമായ ബാധ്യതകൾ, ഭരണസമിതി അംഗം എന്ന നിലയിൽ ഓരോ വാർഡ് മെമ്പർക്കും ബാധകമാണ്. വാർഡ് മെമ്പർ കേവലം ഒരു രാഷ്ട്രീയ പ്രതിനിധി എന്ന നിലയിൽ ഒതുങ്ങിനിൽക്കുന്നില്ല. മറിച്ച്, അദ്ദേഹം ഭരണകൂടത്തിന്റെ താഴെത്തട്ടിലുള്ള നിയമപരമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ ബാധ്യസ്ഥനാണ്.

വിവിധ രാഷ്ട്രീയ മുന്നണികൾ (എൽ.ഡി.എഫ്, യു.ഡി.എഫ്, എൻ.ഡി.എ) മത്സരിച്ച സീറ്റുകളുടെ എണ്ണം വ്യക്തമാണ്. ഈ രാഷ്ട്രീയ ശക്തികളാണ് അതത് വാർഡുകളിൽ തങ്ങളുടെ പ്രതിനിധികളിലൂടെ വാഗ്ദാനങ്ങൾ നൽകുന്നത്.

### വാഗ്ദാനങ്ങളുടെ പ്രധാന മേഖലകൾ

1. *ക്ഷേമ വാഗ്ദാനങ്ങൾ:* പെൻഷനുകൾ, ചികിത്സാ സഹായങ്ങൾ, ഭവന പദ്ധതികൾ, ബി.പി.എൽ ആനുകൂല്യങ്ങൾ തുടങ്ങിയവ സമയബന്ധിതമായി എത്തിക്കാനുള്ള ഉറപ്പുകൾ.
2. *വികസന വാഗ്ദാനങ്ങൾ:* റോഡ് നിർമാണം, കുടിവെള്ള ലഭ്യത (പൊതുവാട്ടർ ടാപ്പുകൾ, പൊതുകിണറുകൾ), തെരുവുവിളക്കുകൾ സ്ഥാപിക്കൽ, മാലിന്യ സംസ്കരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
3. *ഭരണപരമായ വാഗ്ദാനങ്ങൾ:* കാര്യക്ഷമമായ ലൈസൻസിംഗ്, അഴിമതിരഹിത ഭരണം, ജനകീയ പങ്കാളിത്തം ഉറപ്പാക്കൽ (വാർഡ് സഭകൾ കാര്യക്ഷമമാക്കുക).

### വാഗ്ദാനങ്ങളുടെ പ്രായോഗികതയും നിയമപരമായ വെല്ലുവിളികളും

ഒരു വാർഡ് മെമ്പർക്ക് താൻ നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ ഭരണസമിതിയിൽ സ്വാധീനം ചെലുത്താൻ സാധിക്കുമെങ്കിലും ആ വാഗ്ദാനങ്ങൾക്ക് നിയമപരമായ ചട്ടക്കൂടിനുള്ളിൽ നിലനിൽപ്പുണ്ടോ എന്നത് ഒരു പ്രധാന ചോദ്യമാണ്.

വാർഡ് മെമ്പറുടെ വ്യക്തിപരമായ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിൽ തദ്ദേശ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി ഒരു നിർണായക ഘടകമാണ്.

1. *സാമ്പത്തിക പരിമിതി:* തദ്ദേശ സ്ഥാപനത്തിന്റെ

സ്വന്തം വരുമാനം, സംസ്ഥാന/കേന്ദ്ര സഹായ പദ്ധതികൾ, ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ നിന്നുള്ള ഫണ്ടുകൾ എന്നിവയുടെ ലഭ്യത പരിമിതമായിരിക്കും. ഒരു വാർഡിലെ എല്ലാ ആവശ്യങ്ങളും ഒരേസമയം നിറവേറ്റാൻ ഈ ഫണ്ട് മതിയാവില്ല.

2. *ഭരണപരമായ അംഗീകാരം:* ഏത് വാഗ്ദാനം നടപ്പിലാക്കാനും പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കൗൺസിൽ ഭരണസമിതിയുടെ അംഗീകാരം ആവശ്യമാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക വിദഗ്ധരുടെ അനുമതി, ഭരണപരമായ അനുമതി എന്നിവയെല്ലാം ഈ പ്രക്രിയയുടെ ഭാഗമാണ്.

പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്റ്റുകൾ ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ചവയായിരിക്കണം എന്ന നിയമപരമായ വ്യവസ്ഥ വാർഡ് മെമ്പറുടെ ഏകപക്ഷീയമായ തീരുമാനങ്ങളെ നിയന്ത്രിക്കുന്നു. താൻ നൽകിയ വാഗ്ദാനങ്ങൾ വാർഡ് സഭയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ മെമ്പർക്ക് സാധിക്കേണ്ടതുണ്ട്.

**നിയമപരവും നിയന്ത്രണപരവുമായ തടസ്സങ്ങൾ**

അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പല വാഗ്ദാനങ്ങൾക്കും നിയമപരമായ നിയന്ത്രണങ്ങൾ പാലിക്കേണ്ടതുണ്ട്.

- *ഭൂവിനിയോഗം:* ഭൂമി സംബന്ധമായ വിഷയങ്ങളിൽ 1967ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ ഏതെങ്കിലും വ്യവസ്ഥകളെ ബാധിക്കുന്ന രീതിയിൽ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പുകൾക്ക് മാറ്റം വരുത്താൻ പാടില്ല. കൃഷിഭൂമി നികത്തൽ, ഭൂവിനിയോഗ മാറ്റം തുടങ്ങിയവ സംബന്ധിച്ച വാഗ്ദാനങ്ങൾ നിയമത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് മാത്രമെ നടപ്പിലാക്കാൻ സാധിക്കൂ.
- *മലിനീകരണ നിയന്ത്രണം:* പൊതുജനാരോഗ്യ സംരക്ഷണം വാർഡ് മെമ്പറുടെ നിർബന്ധ ചുമതലകളിൽ പ്പെടുന്നു. മലിനജലത്തിന്റെ നിയന്ത്രണം സംബന്ധിച്ച നിയമങ്ങൾ കർശനമാണ്. യാതൊരാളും ഏതെങ്കിലും സിങ്ക്, ചാൽ, തൊഴുത്ത്, ഹോട്ടൽ, റസ്റ്റോറന്റ്, വീട്, വ്യവസായ സ്ഥാപനം, ആശുപത്രി അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മലിനജലം, പൊതു അഴുക്കുചാലുകൾ, റോഡ്, തെരുവ്, പൊതുസ്ഥലം, ജലാശയം അല്ലെങ്കിൽ ജലമാർഗം എന്നിവിടങ്ങളിലേക്ക് ഒഴുക്കുകയോ ഒഴുക്കുവാൻ അനുവദിക്കുകയോ ചെയ്യാൻ പാടില്ല. ഈ നിയമപരമായ വ്യവസ്ഥകൾ, ചില വികസന വാഗ്ദാനങ്ങൾ നടപ്പാക്കുമ്പോൾ പരിസ്ഥിതി സൗഹൃദപരമായ സമീപനം സ്വീകരിക്കാൻ മെമ്പറെ നിർബന്ധിക്കുന്നു.



ഒരു വാർഡ് മെമ്പറുടെ വാഗ്ദാനം, നിയമപരമായ അനുമതിയുടെയും (ചട്ടങ്ങൾ, എസ്റ്റിമേറ്റുകൾ), ജനകീയ അംഗീകാരത്തിന്റെയും (വാർഡ് സഭയുടെ മുൻഗണന) അടിസ്ഥാനത്തിലാണ് ഒരു പദ്ധതിയായി പരിവർത്തനം ചെയ്യപ്പെടുന്നത്. വാർഡ് സഭയുടെ അധികാരങ്ങൾ ഈ പരിവർത്തനത്തിന് ഒരു ജനാധിപത്യപരമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നു. തന്മൂലം, വാഗ്ദാനങ്ങൾ നടപ്പിലാക്കാനുള്ള ധാർമിക

ഉത്തരവാദിത്തം മെമ്പർക്കുണ്ടെങ്കിലും നിയമപരമായ ഉത്തരവാദിത്തം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള ഭരണ നിർവഹണ രീതിയെ ആശ്രയിച്ചിരിക്കുന്നു.

**വാർഡ് മെമ്പറുടെ നിയമപരമായ സ്ഥാനവും അധികാരങ്ങളും**

വിജയിച്ച ഒരു വാർഡ് മെമ്പർ ജനകീയ പ്രാതിനിധ്യത്തിന്റെ ഭാഗമാണെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നു. ഈ നിയമങ്ങളാണ് അദ്ദേഹത്തിന്റെ ഔദ്യോഗിക കടമകൾ നിർവ്വചിക്കുന്നത്.

**കേരള പഞ്ചായത്ത് രാജ് നിയമവും മുനിസിപ്പാലിറ്റി നിയമവും**

തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്ന പ്രധാന നിയമങ്ങളാണ് കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ. വാർഡ് മെമ്പറുടെ അധികാരങ്ങൾ സ്ഥാപനത്തിന്റെ നിയമപരമായി നിർവചിക്കപ്പെട്ട അധികാരങ്ങളിൽ നിന്ന് ഉടലെടുക്കുന്നവയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഭരമേൽപിച്ച വികസനപരവും ജനക്ഷേമപരവുമായ ചുമതലകളെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവഹിക്കാനും വിനിയോഗിക്കാനും മെമ്പർക്ക് ബാധ്യതയുണ്ട്.

**ജനങ്ങളോടുള്ള കടമകൾ**

വാർഡ് മെമ്പറുടെ ഏറ്റവും പ്രധാനപ്പെട്ട കടമകൾ, ഭരണപരമായ കാര്യക്ഷമത ഉറപ്പാക്കുന്നതിനോടൊപ്പം ജനകീയ പങ്കാളിത്തത്തിലൂടെ സുതാര്യവും നീതിയുക്തവുമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ്. ഈ ചുമതലകൾ നിയമപരമായി വാർഡ് സഭയുടെ അധികാരപരിധിയിൽ വരുന്നതാണ്.

തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ യാഥാർഥ്യമാക്കുന്നതിനുള്ള ആദ്യപടി പദ്ധതി ആസൂത്രണമാണ്. ഒരു വിജയിച്ച വാർഡ് മെമ്പർ, താൻ നൽകിയ വാഗ്ദാനങ്ങളെ, പ്രദേശവാസികളുടെ കൂട്ടായ തീരുമാനത്തോടെ നിയമപരമായ പദ്ധതി നിർദേശങ്ങളായി വാർഡ് സഭയിൽ അവതരിപ്പിക്കണം.

**വാർഡ് സഭയുടെ ചുമതലകളിൽ ഉൾപ്പെടുന്നവ**

1. *പദ്ധതി നിർദേശങ്ങൾ:* ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടെയും വികസന പരിപാടികളുടെയും നിർദേശങ്ങൾ (ഏത് പ്രോജക്റ്റ് വേണം, എവിടെ തുടങ്ങണം തുടങ്ങിയവ) തയ്യാറാക്കുക.
2. *മുൻഗണന നിശ്ചയിക്കൽ:* ഈ പദ്ധതികളുടെ മുൻഗണന നിശ്ചയിക്കുകയും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്റ്റുകൾ ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ചവയായിരിക്കണമെന്ന് ഉറപ്പാക്കുകയും ചെയ്യുക.
3. *നിർവഹണ മേൽനോട്ടം:* നടപ്പാക്കുന്ന വികസന-സേവന-ക്ഷേമ പദ്ധതികളുടെ നിർവഹണം നിരീക്ഷിക്കുക, വിലയിരുത്തുക, കാര്യക്ഷമത ഉറപ്പാക്കുക.

നഗരസഭകളിലെ വാർഡ് മെമ്പർമാർക്ക് നഗരം അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കൽ, മാലിന്യസംസ്കരണം മുതലായ കാര്യങ്ങൾക്കായുള്ള

ഒരു വാർഡ് മെമ്പർക്ക് താൻ നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ ഭരണസമിതിയിൽ സ്വാധീനം ചെലുത്താൻ സാധിക്കുമെങ്കിലും ആ വാഗ്ദാനങ്ങൾക്ക് നിയമപരമായ ചട്ടക്കൂടിനുള്ളിൽ നിലനിൽപ്പുണ്ടോ എന്നത് ഒരു പ്രധാന ചോദ്യമാണ്. വാർഡ് മെമ്പറുടെ വ്യക്തിപരമായ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിൽ തദ്ദേശ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി ഒരു നിർണായക ഘടകമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഭരമേൽപിച്ച വികസനപരവും ജനക്ഷേമപരവുമായ ചുമതലകളെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവഹിക്കാനും വിനിയോഗിക്കാനും മെമ്പർക്ക് ബാധ്യതയുണ്ട്.



പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്താൻ പ്രത്യേക ചുമതലയുണ്ട്. ഇത് നഗരമേഖലയിലെ ജനങ്ങളോടുള്ള മെമ്പറുടെ സുപ്രധാനമായ കടമയാണ്.

**ഗുണഭോക്താക്കളുടെ അർഹത പരിശോധനയും തിരഞ്ഞെടുപ്പും**

ക്ഷേമ പദ്ധതികൾ, സബ്സിഡികൾ, ഭവന പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ ഏറ്റവും സുതാര്യത ആവശ്യമുള്ളതും നിയമപരമായി ഉറപ്പാക്കിയതുമായ കടമയാണിത്. സ്വജനപക്ഷപാതം ഒഴിവാക്കി, ഏറ്റവും അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നത് വാർഡ് മെമ്പറുടെ പ്രധാന ധാർമികവും നിയമപരവുമായ ഉത്തരവാദിത്തമാണ്.

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന പ്രക്രിയ വാർഡ് മെമ്പറുടെ വ്യക്തിപരമായ വിവേചനാധികാരത്തിൽപ്പെടുന്ന ഒന്നല്ല. അത് ഗ്രാമസഭയുടെ/വാർഡ് സഭയുടെ കൂട്ടായ തീരുമാനമാണ്.

**അർഹതാ മാനദണ്ഡങ്ങൾ പരസ്യപ്പെടുത്തൽ**

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടിവരുമ്പോൾ അതിനുള്ള അർഹതയുടെയും മുൻഗണനയുടേയും മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് മുൻകൂട്ടി പരസ്യപ്പെടുത്തേണ്ടതും ഗ്രാമസഭ/വാർഡ് സഭയെ അറിയിക്കേണ്ടതുമാണ്.

അപേക്ഷകൾ സ്വീകരിക്കുകയും ഉദ്യോഗസ്ഥതലത്തിൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് വാർഡ് സഭയിൽ നൽകണം. അപേക്ഷകരെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് അവിടെ വെച്ച് സൂക്ഷ്മ പരിശോധന നടത്തേണ്ടത് മെമ്പറുടെ കടമയാണ്.

*അന്തിമ അംഗീകാരം:* പരിശോധനയ്ക്ക് ശേഷം അർഹരായ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്/മുനിസിപ്പാലിറ്റിക്ക് ഗ്രാമസഭ/വാർഡ് സഭ സമർപ്പിക്കേണ്ടതാണ്. ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ച മുൻഗണനാ ക്രമം തദ്ദേശഭരണ സ്ഥാപനം മാറ്റം വരുത്തുവാൻ പാടില്ല എന്ന വ്യവസ്ഥ ഈ പ്രക്രിയയുടെ നിയമപരമായ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

*വിപുലമായ തിരഞ്ഞെടുപ്പ് അധികാരം:* ഗ്രാമപഞ്ചായത്ത്/നഗരസഭ നടപ്പിലാക്കുന്ന പദ്ധതികളുടെ മാത്രമല്ല, ബ്ലോക്ക് പഞ്ചായത്തുകളോ ജില്ലാ പഞ്ചായത്തുകളോ മറ്റ് വകുപ്പുകളോ നടപ്പാക്കുന്ന പദ്ധതികളുടെയും ഗുണഭോക്താക്കളെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കേണ്ടത് ഗ്രാമസഭ/വാർഡ് സഭയാണ്.

വാർഡ് മെമ്പർ നൽകിയ ക്ഷേമ വാഗ്ദാനം പോലും വാർഡ് സഭയുടെ കൂട്ടായ അംഗീകാരത്തിലൂടെ മാത്രമെ നിയമപരമായി സാധുവാകൂ. ഇത് വാർഡ് മെമ്പറുടെ അധികാരം കുറയ്ക്കുകയും സ്വജനപക്ഷപാതത്തിനുള്ള സാധ്യത ഒഴിവാക്കി, നിയമപരമായ അർഹതയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നു. നീതിയുക്തമായ വിതരണം ഉറപ്പാക്കുക എന്നതാണ് വാർഡ് മെമ്പറുടെ ഏറ്റവും വലിയ കടമ. അർഹർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും അനർഹർക്ക്

ലഭിക്കുന്നില്ലായെന്നും ഉറപ്പുവരുത്തേണ്ടതും മെമ്പറുടെ പ്രധാന ഉത്തരവാദിത്തമാണ്.

### മരാമത്ത് പണികളുടെ സുതാര്യതയും മേൽനോട്ടവും

വികസന വാഗ്ദാനങ്ങളിൽ മരാമത്ത് പണികൾ പ്രധാന പങ്ക് വഹിക്കുന്നു. ഈ പണികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കേണ്ടത് മെമ്പറുടെ കടമയാണ്.

- *എസ്റ്റിമേറ്റ് വിവരങ്ങൾ:* വാർഡ് സഭയുടെ പ്രദേശത്ത് നടപ്പാക്കിയതോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, അതിന്റെ സാമഗ്രികളുടെ ചെലവിന്റെ വിശദാംശം തുടങ്ങിയവ അറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ഈ വിശദാംശങ്ങൾ ഗ്രാമസഭയിൽ/വാർഡ് സഭയിൽ വിതരണം ചെയ്യേണ്ടതാണ്. ഇത് സാമ്പത്തിക സുതാര്യത ഉറപ്പാക്കുന്നു.
- *ഗുണഭോക്തൃ കമ്മിറ്റികളുടെ നിരീക്ഷണം:* വികസന പരിപാടികൾ ഏറ്റെടുത്തു നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റികളെ നിരീക്ഷിക്കുകയും ആവശ്യമായ സാങ്കേതികവും ഭരണപരവുമായ സഹായം നൽകുകയും ചെയ്യുക.
- *ഉദ്യോഗസ്ഥരുടെ പങ്കാളിത്തം:* പ്രസിഡന്റ്/ചെയർപേഴ്സൺ ആവശ്യപ്പെടുന്നതിനനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ ഉദ്യോഗസ്ഥരെ യോഗങ്ങളിൽ പങ്കെടുപ്പിക്കാവുന്നതാണ്. ഇത് ഭരണപരമായ സഹായം ഉറപ്പാക്കുന്നു.

നടപ്പാക്കുന്ന വികസന-സേവന-ക്ഷേമ പദ്ധതികളുടെ നിർവഹണം നിരീക്ഷിക്കാനും വിലയിരുത്താനും കാര്യക്ഷമത ഉറപ്പാക്കാനും ഗ്രാമസഭയ്ക്ക് ചുമതലയുണ്ട്. ഗ്രാമസഭയുടെ/വാർഡ് സഭയുടെ ഏതെങ്കിലും തീരുമാനങ്ങൾ തദ്ദേശഭരണ സ്ഥാപനം നടപ്പാക്കാതിരുന്നാൽ അതിനുള്ള കാരണം ഗ്രാമസഭയെ/വാർഡ് സഭയെ അറിയിക്കാൻ തദ്ദേശഭരണ സ്ഥാപനം (അതായത്, വാർഡ് മെമ്പർ മുഖേന) ബാധ്യസ്ഥനാണ്. ഇത് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നു.

### വാർഡ് സഭ, ഗ്രാമസഭ: കടമകൾ നിർവഹിക്കാനുള്ള വേദികൾ

വാർഡ് മെമ്പറുടെ കടമകൾ നിയമപരമായി നിർവഹിക്കാനും നൽകിയ വാഗ്ദാനങ്ങൾ ജനകീയമായ രീതിയിൽ പദ്ധതികളാക്കി മാറ്റാനും സഹായിക്കുന്ന പ്രധാനവേദി ഗ്രാമസഭയും വാർഡ് സഭയുമാണ്.

ഗ്രാമസഭ/വാർഡ് സഭ എന്നത് വാർഡ് മെമ്പറുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും വികസന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനും നിയമപരമായ അധികാരം കയ്യാളുന്ന, താഴെത്തട്ടിലുള്ള ജനാധിപത്യ കേന്ദ്രമാണ്. ഗ്രാമസഭകളുടെ ശുപാർശകൾക്കും നിർദേശങ്ങൾക്കും ത്രിതല പഞ്ചായത്തുകൾ അർഹമായ പരിഗണന നൽകണം. ഗ്രാമസഭയിലൂടെയാണ് ഗ്രാമപ്പഞ്ചായത്തുകളുടെ പദ്ധതികൾ ഉരുത്തിരിയുന്നത്. പദ്ധതിയാസൂത്രണത്തിലും നിർവഹണത്തിലും ഗ്രാമസഭകൾക്ക് നിർണായകമായ സ്ഥാനം നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമസഭയിൽ പാസ്സാക്കിയ ഒരു കാര്യം റദ്ദാക്കുന്നതിന് പാർലമെന്റിന് പോലും അധികാരമില്ല എന്ന വസ്തുത ഗ്രാമസഭയുടെ പരമാധികാരത്തെ ഊന്നിപ്പറയുന്നു. ഇത് വാർഡ് മെമ്പറുടെ ഭരണപരമായ കടമകളുടെ നിർവഹണത്തിൽ ജനകീയ കൂട്ടായ്മയുടെ ശക്തി എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കുന്നു.

### വാർഡ് സഭയുടെ ഘടനയും പ്രവർത്തനങ്ങളും

വാർഡ് മെമ്പറുടെ കടമകൾ കാര്യക്ഷമമാക്കുന്നതിനായി വാർഡ് സഭയുടെ താഴെത്തട്ടിൽ നിരവധി ഉപഘടകങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമ പഞ്ചായത്തുകളിൽ അയൽസഭ എന്ന സംവിധാനം നിലവിലുണ്ട്. ഒരു വാർഡിലെ 50 മുതൽ 100വരെ അടുത്തടുത്ത കുടുംബങ്ങൾ ഉൾപ്പെടുന്നതായിരിക്കണം അയൽസഭകൾ. നഗരസഭകളിലെ രജിസ്റ്റർ ചെയ്ത റസിഡൻസ് അസോസിയേഷനുകളെ അയൽസഭയായി കണക്കാക്കാവുന്നതാണ്.

*ചുമതലകൾ:* അയൽസഭ ഉൾപ്പെടുന്ന പ്രദേശത്ത് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും അവയുടെ മുൻഗണനയെക്കുറിച്ചും ഗ്രാമ സഭയ്ക്ക് നിർദേശം നൽകുക എന്നതാണ് പ്രധാന ചുമതല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ വികസനപ്രവർത്തനങ്ങളെക്കുറിച്ച് കുടുംബങ്ങളെ അറിയിക്കുക, ഗ്രാമസഭ അംഗങ്ങളെ കൃത്യമായി പങ്കെടുപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ സമാഹരണത്തിന് സഹായിക്കുക എന്നിവയും അയൽസഭയുടെ ചുമതലകളിൽപ്പെടുന്നു. അയൽ സഭയിൽ നിന്നും ഒരു സ്ത്രീ, ഒരു പുരുഷൻ എന്നിവരെ വാർഡ് വികസന സമിതിയിലേക്ക് തിരഞ്ഞെടുക്കേണ്ടതാണ്.

**വാർഡ് വികസന സമിതി**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഓരോ വാർഡിലും പരമാവധി 25 അംഗങ്ങൾ അടങ്ങുന്ന ഒരു വാർഡ് വികസന സമിതി രൂപീകരിക്കേണ്ടതാണ്. വാർഡിനെ പ്രതിനിധാനം ചെയ്യുന്ന പഞ്ചായത്തംഗം/കൗൺസിലർ ആയിരിക്കും ഇതിന്റെ ചെയർപേഴ്സൺ.

*അംഗങ്ങളുടെ തിരഞ്ഞെടുപ്പ്:* വികസന സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് വിവിധ വിഭാഗങ്ങളിൽനിന്നാണ്.

- വാർഡിലെ ഓരോ അയൽസഭയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു സ്ത്രീ, ഒരു പുരുഷൻ.
- പൊതുസമ്മതരായ തദ്ദേശവാസികളായ 3 സ്ത്രീകൾ, 3 പുരുഷന്മാർ.
- എസ്.സി, എസ്.ടി, പരമ്പരാഗത മത്സ്യത്തൊഴിലാളി എന്നീ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം.
- കർഷകർ, അധ്യാപകർ, ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ധർ, റിട്ടയേർഡ് ഉദ്യോഗസ്ഥർ തുടങ്ങി വിവിധ മേഖലകളിലെ പ്രാഗത്ഭ്യം തെളിയിച്ച അഞ്ച് വിദഗ്ധർ.

ഇത് വികസന വാഗ്ദാനങ്ങൾ നടപ്പിലാക്കുമ്പോൾ സാങ്കേതികവും സാമൂഹികവുമായ വീക്ഷണങ്ങൾ ഉൾപ്പെടുത്താൻ മെമ്പറെ നിർബന്ധിക്കുന്നു. വാർഡ് മെമ്പറുടെ കടമ കേവലം പണം ചെലവഴിക്കുന്നതിൽ നിന്ന് മാറി, വിദഗ്ധരുടെ സഹായത്തോടെ കാര്യക്ഷമമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലേക്ക് മാറുന്നു.



(മുനിസിപ്പാലിറ്റി ആക്ട് 43 വകുപ്പ് പ്രകാരം വാർഡ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ള വാർഡുകളിൽ വാർഡ് വികസന സമിതി രൂപീകരിക്കണമെന്നില്ല).

**വാർഡ് മെമ്പർക്ക് ഗ്രാമസഭയോടുള്ള ബാധ്യതകൾ**

വാർഡ് സഭകളെ കാര്യക്ഷമമായി വിളിച്ചുചേർക്കൽ വാർഡ് മെമ്പറുടെ നിയമപരമായ ബാധ്യതയാണ്.

*അജണ്ടയും അറിയിപ്പും:* ഗ്രാമസഭ/വാർഡ് സഭാ യോഗത്തിന് പ്രത്യേകം നോട്ടീസ് തയ്യാറാക്കണം. നോട്ടീസിൽ തീയതി, സമയം, സ്ഥലം എന്നിവ ഉൾപ്പെടുത്തണം. എല്ലാ വാർഡിലേക്കും ബാധകമായ പൊതുവായ അജണ്ടാ ഇനങ്ങൾക്ക് പുറമെ ഓരോ വാർഡിലെയും വോട്ടർമാരോ വാർഡ് മെമ്പർമാരോ ആവശ്യപ്പെടുന്ന ഇനങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്താൻ വാർഡ് മെമ്പർ ബാധ്യസ്ഥനാണ്.

*തീരുമാനങ്ങൾ നടപ്പാക്കൽ:* നടപ്പാക്കുന്ന വികസന-സേവന-ക്ഷേമ പദ്ധതികളുടെ നിർവഹണം നിരീക്ഷിക്കാനും വിലയിരുത്താനും കാര്യക്ഷമത ഉറപ്പാക്കാനും ഗ്രാമസഭയ്ക്ക് ചുമതലയുണ്ട്. ഗ്രാമസഭയുടെ/വാർഡ് സഭയുടെ ഏതെങ്കിലും തീരുമാനങ്ങൾ തദ്ദേശഭരണ സ്ഥാപനം നടപ്പാക്കാതിരുന്നാൽ അതിനുള്ള കാരണം ഗ്രാമസഭയെ/വാർഡ് സഭയെ അറിയിക്കാൻ തദ്ദേശഭരണ സ്ഥാപനം (അതായത്, വാർഡ് മെമ്പർ മുഖേന) ബാധ്യസ്ഥനാണ്. ഇത് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നു.

*(അവസാനിച്ചില്ല)*




# സ്ത്രീകൾക്ക് പള്ളി നിഷിദ്ധമോ?

മുസ്‌ലിം സ്ത്രീകളുടെ പള്ളി പ്രവേശം പൊതുസമൂഹത്തിൽ ചർച്ചാവിഷയമായിരിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുടെ മകൾ ഫാത്തിമ നർഗീസ് പങ്കുവെച്ച അഭിപ്രായമാണ് ചർച്ചാവിഷയമാകാൻ കാരണം. ഇസ്‌ലാമിക പ്രമാണങ്ങളോട് യോജിച്ചതും സത്യസന്ധവുമായ കാര്യമാണ് അവർ പറഞ്ഞത്. എന്നാൽ അതിനെ മതവിഷയത്തിൽ അവഗാഹമില്ലാത്ത ഒരു ടീനേജുകാരിയുടെ അപക്വമായ നിലപാടായി പ്രഖ്യാപിക്കേണ്ടി വന്നിരിക്കുകയാണ് അവരുടെ പിതാവിന്. സാമൂഹ്യ മാധ്യമങ്ങളിൽ അനുകൂലിച്ചും പ്രതികൂലിച്ചുമൊക്കെ പ്രതികരണങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. എല്ലാ വിഷയങ്ങളിലുമെന്ന പോലെ ആശാസ്യമല്ലാത്ത ശൈലിയിലാണ് പലരും പ്രതികരിക്കുന്നത്.

> മുസ്‌ലിം സ്ത്രീകൾക്ക് പള്ളി വിലക്കുന്ന ഒരു ആയത്താണ് ഹിജാബിന്റെ ആയത്തെന്നാണ് പലരും ധരിച്ചിരിക്കുന്നത്. എല്ലാ ആവശ്യങ്ങൾക്കും പുറത്തു പോകുമ്പോൾ പാലിക്കേണ്ട നിയമങ്ങളാണ് സ്ത്രീകൾ പള്ളിയിൽ പോകുമ്പോഴും പാലിക്കേണ്ടത്. ശരീരത്തിന്റെ അവയവങ്ങൾ പ്രകടമാകാത്ത രീതിയിൽ സുഗന്ധം ഉപയോഗിക്കാതെ ജനങ്ങളെ ആകർഷിക്കാത്ത രീതിയിൽ വസ്ത്രം ധരിച്ചുകൊണ്ട് അന്യപുരുഷന്മാരുമായി ഇടകലരാതെയാണ് പുറത്ത് പോകേണ്ടത്. അതോടൊപ്പം തികഞ്ഞ ഭക്തിയോടും ഭവ്യതയോടെയും കൂടിയാണ് അവർ പള്ളിയിലേക്ക് പോകേണ്ടത്.

ബാപ്പ കാരണവൻമാർ ചെയ്തോ ഇല്ലയോ എന്നു നോക്കിയല്ല ഒരു കാര്യം മതപരമാണോ അല്ലേ എന്നു തീരുമാനിക്കേണ്ടത്. അത് തീരുമാനിക്കേണ്ടത് പ്രമാണങ്ങളെ അടിസ്ഥാനമാക്കിയാണ്. അല്ലാഹുവിന്റെ ഭവനമായ പള്ളികളിൽ ആരാധന നടത്തുന്നതിന് ആർക്കും വിലക്കു കൽപിക്കാൻ അവകാശമില്ല. അല്ലാഹു പറയുന്നു:

“അല്ലാഹുവിന്റെ പള്ളികളിൽ അവന്റെ നാമം പ്രകീർത്തിക്കപ്പെടുന്നതിന് തടസ്സമുണ്ടാക്കുകയും അവയുടെ (പള്ളികളുടെ) തകർച്ചയ്ക്കായി ശ്രമിക്കുകയും ചെയ്തവനെക്കാൾ വലിയ അതിക്രമകാരി ആരുണ്ട്? ഭയപ്പാടോടുകൂടിയല്ലാതെ അവർക്ക് ആ പള്ളികളിൽ പ്രവേശിക്കാവതല്ലായിരുന്നു. അവർക്ക് ഇഹലോകത്ത് നിന്ദ്യതയാണുള്ളത്. പരലോകത്താകട്ടെ കഠിന ശിക്ഷയും” (അൽബക്വറ: 114).

അല്ലാഹുവിന് ഇബാദത്തു ചെയ്യുന്നതിന്നായി പണ്ടുകാലം മുതലേ പള്ളികളിൽ സ്ത്രീകൾ വന്നിരുന്നു. ലോകമുസ്‌ലിംകൾക്ക് ഉദാഹരണമായി വിശുദ്ധ ക്വുർആനിൽ എടുത്തു പറയപ്പെട്ടവരും പേരെടുത്തു പറഞ്ഞ ഏകമഹതിയുമായ മർയമിനോട് അല്ലാഹു പറയുന്നത് നോക്കൂ: “മർയമേ, നിന്റെ രക്ഷിതാവിനോട് നീ ഭയഭക്തി കാണിക്കുകയും സാഷ്ടാംഗം ചെയ്യുകയും തലകുനിക്കുന്നവരോടൊപ്പം തലകുനിക്കുകയും ചെയ്യുക” (ആലുഇംറാൻ: 43).

പള്ളികളിൽ നമസ്കരിച്ചുകൊണ്ടിരിക്കുന്നവരുടെകൂടെ നമസ്കരിക്കാനാണ് അല്ലാഹു മർയമിനോട് ഇവിടെ നിർദേശിക്കുന്നത്. തഫ്സീർ ഇബ്നുകസീറിൽ ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു : “അതായത് നീ അവരിൽ ഉൾപ്പെട്ടവളായി നിർവഹിക്കുക.”

പള്ളി ദർസിൽ പഠിപ്പിക്കുന്ന തഫ്സീർ ബൈദാവിയിൽ പറയുന്നു: “അവർ ജമാഅത്തായി നമസ്കരിക്കുവാൻ കൽപിക്കപ്പെട്ടു” (1/38).

തഫ്സീർ ഖാസിൻ പറയുന്നു: “മർയമേ, നീ റുകൂഅ് ചെയ്യുന്ന സ്ത്രീകളുടെ കൂടെ റുകൂഅ് ചെയ്യൂ എന്ന് പറയാതെ റുകൂഅ് ചെയ്യുന്നവരുടെ കൂടെ (പുല്ലിംഗ ബഹുവചനമായി) എന്നാണ് പറഞ്ഞത്. കാരണം അതിൽ സ്ത്രീകളും പുരുഷന്മാരും ഉൾപെടും. പുരുഷന്മാരുടെ കൂടെ നമസ്കരിക്കലാണ് ഏറ്റവും ഉത്തമവും പരിപൂർണവും. നമസ്കരിക്കുന്നവർ ചെയ്യുന്നതുപോലെ ചെയ്യുക എന്നും നമസ്കരിക്കുന്നവരുടെ കൂടെ ജമാഅത്ത് നമസ്കാരത്തിൽ നീ പങ്കെടുക്കുക എന്നും അർഥം പറയപ്പെടുന്നു” (1/347).

സ്ത്രീകൾ പള്ളിയിൽ പോയി ആരാധനാകർമങ്ങൾ നിർവഹിക്കുന്നത് ഇസ്‌ലാമിക ശരീഅത്ത് ഒരുകാലത്തും വിലക്കിയിട്ടില്ല. മറിച്ച്, നബി(സ്വ)യുടെ കാലത്തും ശേഷവും ധാരാളം മുസ്‌ലിം സ്ത്രീകൾ പള്ളിയിൽ പോയിരുന്നതായി പ്രമാണങ്ങൾ പഠിപ്പിക്കുന്നു. ഏതാനും ചില തെളിവുകൾ താഴെ കൊടുക്കുന്നു.

ഇബ്നു ഉമർ(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളി: “നിങ്ങൾ അല്ലാഹുവിന്റെ അടിയാത്തികൾക്ക് അല്ലാഹുവിന്റെ പള്ളികളെ വിലക്കരുത്” (മുസ്‌ലിം).

സാലിം(റ) തന്റെ പിതാവിൽ നിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളി: “നിങ്ങളിലൊരാളുടെ ഭാര്യ പള്ളിയിലേക്ക് പോകാൻ അനുവാദം ചോദിച്ചാൽ അവളെ തടുക്കരുത്” (ബുഖാരി).

ഇബ്നു ഉമർ(റ) നിവേദനം; അല്ലാഹുവിന്റെ പ്രവാചകൻ (സ്വ) അരുളി: “നിങ്ങളുടെ ഭാര്യമാർ പള്ളിയിലേക്ക് പോകാൻ അനുവാദം ചോദിച്ചാൽ അവർ

നമസ്കാരം, ത്വവാഫ്, ഹജ്ജ്, ഉംറ എന്നീ കാര്യങ്ങൾക്കുവേണ്ടി സ്ത്രീകൾ പുറത്തുപോകുന്നത് അല്ലാഹുവോ റസൂലോ മുടക്കിയിട്ടില്ല. സ്ത്രീകൾ പള്ളിയിൽ വെച്ച് നമസ്കരിക്കുന്നതിനെക്കാൾ ഉത്തമം അവരുടെ വീട്ടിൽവെച്ച് നമസ്കരിക്കലാണ് എന്ന ഹദീസ് സ്വഹീഹാണെങ്കിൽതന്നെ അവയൊന്നും പള്ളിയിൽവെച്ച് നമസ്കരിക്കുന്നത് ഹറാമാണെന്ന് പഠിപ്പിക്കുന്നില്ല. നബി(സ്വ)യുടെ പ്രിയപത്നിമാർ പള്ളിയിൽ പോയിരുന്നുവെന്ന് മാത്രമല്ല, പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുകയും കൂടി ചെയ്തിരുന്നുവെന്ന് നാം മനസ്സിലാക്കി. ഒരു സ്ത്രീ ഇസ്‌ലാമിക വേഷമണിഞ്ഞ് തന്റെ ഭർത്താവിന്റെയോ പിതാവിന്റെയോ സഹോദരന്മാരുടെയോ കൂടെ അല്ലാഹുവിനുള്ള ഇബാദത്ത് നിർവഹിക്കാൻ പള്ളിയിൽ പോകുന്നത് ഹറാം! അവൾ അന്യപുരുഷന്മാരുടെകൂടെ സിയാറത്ത് ടൂറുകൾക്ക് പോകുന്നതും നേർച്ചപ്പൂരങ്ങളിൽ അന്യപുരുഷന്മാരോട് ഇടകലർന്നും തൊട്ടുരുമ്മിയും രാപകൽ വ്യത്യാസമില്ലാതെ പങ്കെടുക്കുന്നതും ഹലാൽ! എന്തൊരു വിരോധാഭാസം!

ക്ക് അനുവാദം നൽകുവിൻ'' (അഹ്മദ്).

ഇബ്നു ഉമർ(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ (സ്വ) അരുളി: "നിങ്ങളുടെ ഭാര്യമാർ രാത്രിയിൽ പള്ളിയിലേക്ക് പോകാൻ അനുവാദം ചോദിച്ചാൽ അവർക്ക് അനുവാദം നൽകുവിൻ'' (ബുഖാരി).

ഇബ്നു ഉമർ(റ) നിവേദനം: "ഉമർ(റ)വിന്റെ ഒരു ഭാര്യ സുബ്ഹി, ഇശാഅ് എന്നീ നമസ്കാരങ്ങൾ ജമാഅത്തായി നിർവഹിക്കാൻ പള്ളിയിൽ വരാറുണ്ടായിരുന്നു. അപ്പോൾ അവരോട് ചോദിക്കപ്പെട്ടു: 'നിങ്ങൾ പള്ളിയിൽ പോകുന്നത് ഉമറി(റ)ന് ഇഷ്ടമില്ലെന്നും വെറുപ്പാണെന്നും അറിയാമല്ലോ. പിന്നെ എന്തിനാണ് നിങ്ങൾ പോകുന്നത്?' ഉടനെ അവർ തിരിച്ചു ചോദിച്ചു: 'എന്നാൽ പിന്നെ ഉമറിനുതന്നെ നിരോധിച്ചുകളയാൻ എന്തു തടസ്സമാണുള്ളത്?' അബ്ദുല്ല(റ) പറഞ്ഞു: 'അല്ലാഹുവിന്റെ ദാസികളെ അല്ലാഹുവിന്റെ പള്ളികളിൽനിന്നും തടയരുത് എന്ന നബി വചനമാണ് ഉമറിന് തടസ്സമായി നിൽക്കുന്നത്'' (ബുഖാരി).

**ഹിജാബിന്റെ ആയത്തിനു ശേഷവും**

നബി(സ്വ) ജഹ്ശിന്റെ മകൾ സൈനബ(റ)യെ വിവാഹം ചെയ്ത സന്ദർഭത്തിൽ സദ്യക്ക് ക്ഷണിച്ച വ്യക്തികൾ പുറത്തു പോകാതെയും മറ്റും നബി(സ്വ)ക്ക് പ്രയാസമുണ്ടാക്കിയപ്പോൾ വിശുദ്ധ ക്വുർആനിലെ സൂറത്തുൽ അഹ്സാബിലെ 53ാം വചനം അവതരിക്കുകയുണ്ടായി:

"സത്യവിശ്വാസികളേ, ഭക്ഷണത്തിന് (നിങ്ങളെ ക്ഷണിക്കുകയും) നിങ്ങൾക്ക് സമ്മതം കിട്ടുകയും ചെയ്താലല്ലാതെ നബിയുടെ വീടുകളിൽ നിങ്ങൾ കടന്നുചെല്ലരുത്. അത് (ഭക്ഷണം) പാകമാകുന്നത് നിങ്ങൾ നോക്കിയിരിക്കുന്നവരാകരുത്. പക്ഷേ, നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ കടന്ന് ചെല്ലുക. നിങ്ങൾ ഭക്ഷണം കഴിച്ചാൽ പിരിഞ്ഞുപോകുകയും ചെയ്യുക. നിങ്ങൾ വർത്തമാനം പറഞ്ഞ് രസിച്ചി രിക്കുന്നവരാവുകയും അരുത്. തീർച്ചയായും അതൊക്കെ നബിയെ ശല്യപ്പെടുത്തുന്നതാകുന്നു. എന്നാൽ നിങ്ങളോട് (അത് പറയാൻ) അദ്ദേഹത്തിന് ലജ്ജ തോന്നുന്നു. സത്യത്തിന്റെ കാര്യത്തിൽ അല്ലാഹുവിന് ലജ്ജ തോന്നുകയില്ല. നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ല സാധനവും ചോദിക്കുകയാ ണെങ്കിൽ നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങ ൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്. അല്ലാഹുവിന്റെ ദൂതന് ശല്യമുണ്ടാ ക്കാൻ നിങ്ങൾക്ക് പാടില്ല. അദ്ദേഹത്തിന് ശേഷം ഒരിക്കലും അദ്ദേഹത്തിന്റെ ഭാര്യമാരെ നിങ്ങൾ വിവാഹം കഴിക്കാനും പാടില്ല. തീർച്ചയായും അതൊക്കെ അല്ലാഹുവിങ്കൽ ഗൗരവമുള്ള കാര്യമാകുന്നു'' (അഹ്സാബ് : 53).

ഈ സംഭവം വിവരിച്ചശേഷം ഇമാം ബുഖാരി(റഹി) പറയുന്നു: "അങ്ങനെ ഹിജാബിന്റെ ആയത്ത് അവതരിക്കപ്പെട്ടു.''

തഫ്സീർ ഇബ്നുകസീർ ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: "ഇതാണ് ഹിജാബിന്റെ ആയത്ത്'' (3/607).

ഈ സംഭവം നടന്നത് ഹിജ്റ മൂന്നിനാണെന്നും അഞ്ചിനാണെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെ ടുന്നുണ്ട്. എന്നാൽ ഹിജാബിന്റെ ആയത്തായി യാഥാസ്ഥിതികർ ഉദ്ധരിക്കാറുള്ളത് സൂറത്തുൽ അഹ്സാബിലെ 32,33 ആയത്തുകളാണ്. അവയുടെ അർഥം കാണുക:

"പ്രവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റു ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമനിഷ്ഠ പാലിക്കുന്നുവെങ്കിൽ

നിങ്ങൾ (അന്യരോട്) അനുനയസ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തി ൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞുകൊള്ളുക. നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്. നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുക. (പ്രവാചക ന്റെ) വീട്ടുകാരേ! നിങ്ങളിൽനിന്ന് മാലിന്യം നീക്കികളയുവാനും നിങ്ങളെ ശരിയായി ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്" (അഹ്സാബ്: 32,33).

മേൽ ആയത്തുകളിലെല്ലാം വീട്ടിലും പുറത്തും അനുഷ്ഠിക്കേണ്ട മര്യാദകൾ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. അല്ലാതെ മര്യാദയോടെ ഇസ്‌ലാം നിർദേശിക്കുന്ന നിബന്ധനയോടെ വസ്ത്രം ധരിച്ചുകൊണ്ട് വീട്ടിൽനിന്ന് പുറത്തു പോകുന്നതിനെയോ പള്ളിയിൽ പോകുന്നതിനേയോ വിലക്കുന്ന ഒരു സൂക്തം അല്ലാഹുവിന്റെ ഗ്രന്ഥത്തിലോ പ്രവാചകൻ(സ്വ)യുടെ തിരുസുന്നത്തിലോ കാണാൻ സാധ്യമല്ല.

മുസ്‌ലിം സ്ത്രീകൾക്ക് പള്ളി വിലക്കുന്ന ഒരു ആയത്താണ് ഹിജാബിന്റെ ആയത്തെന്നാണ് പലരും ധരിച്ചിരിക്കുന്നത്. എല്ലാ ആവശ്യങ്ങൾക്കും പുറത്തു പോകുമ്പോൾ പാലിക്കേണ്ട നിയമങ്ങളാണ് സ്ത്രീകൾ പള്ളിയിൽ പോകുമ്പോഴും പാലിക്കേണ്ടത്. ശരീരത്തിന്റെ അവയവങ്ങൾ പ്രകടമാകാത്ത രീതിയിൽ സുഗന്ധം ഉപയോഗിക്കാതെ ജനങ്ങളെ ആകർഷിക്കാത്ത രീതിയിൽ വസ്ത്രം ധരിച്ചുകൊണ്ട് അന്യപുരുഷന്മാരുമായി ഇടകലരാതെയാണ് പുറത്ത് പോകേണ്ടത്. അതോടൊപ്പം തികഞ്ഞ ഭക്തിയോടും ഭവ്യതയോടെയും കൂടിയാണ് അവർ പള്ളിയിലേക്ക് പോകേണ്ടത്.

അബൂഹുറയ്‌റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "ഏതെങ്കിലും സ്ത്രീ സുഗന്ധം ഉപയോഗിച്ചിട്ടു ണ്ടെങ്കിൽ നമ്മുടെ കൂടെ അവസാനത്തെ രാത്രി നമസ്കാരത്തിന് പങ്കെടുക്കരുത്" (മുസ്‌ലിം).

### നബി(സ്വ)യുടെ ഭാര്യമാരും പള്ളിയിൽ പോയിരുന്നു

നബി(സ്വ)യുടെ കാലത്തും വിയോഗാനന്തരവും അവിടുത്തെ ഭാര്യമാർ പള്ളിയിൽ പോയി നമസ്കരിക്കുകയും ഇഅ്തികാഫിരിക്കുകയും ചെയ്തിരുന്നതായി പ്രമാണങ്ങളിൽ കാണാവുന്നതാണ്.

നബി(സ്വ)യുടെ ഭാര്യയായ ആഇശ(റ), സൈനബ്(റ) എന്നിവർ പള്ളിയിൽ ഇഅ്തികാഫി രുന്നിരുന്നു (ബുഖാരി, മുസ്‌ലിം).

ആഇശ(റ) പറഞ്ഞു: "നിശ്ചയം സത്യവിശ്വാസിനികളായ സ്ത്രീകൾ അല്ലാഹുവിന്റെ റസൂലി (നോ)ടൊപ്പം അവരുടെ മൂടുവസ്ത്രം ധരിച്ചുകൊണ്ട് സുബ്ഹി നമസ്കാരത്തിൽ പങ്കെടുത്തിരുന്നു. നമസ്കാരം കഴിഞ്ഞാൽ അവർ വീട്ടിലേക്ക് മടങ്ങും. ഇരുട്ട് നിമിത്തം ഒരാൾക്കും അവരെ തിരിച്ചറിഞ്ഞി രുന്നില്ല" (ബുഖാരി).

ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് ഇമാം ഇബ്നു ഹജർ അസ്ഖലാനി(റഹി) പറയുന്നത് നോക്കൂ : "ഈ ഹദീസിൽ സുബ്ഹി നമസ്കാരം അതിന്റെ ആദ്യസമയത്തുതന്നെ നിർവഹിക്കൽ സുന്നത്താണെന്നും രാത്രികളിൽ നമസ്കാരത്തിന്ന് വേണ്ടി സ്ത്രീകൾ പള്ളിയിലേക്ക് പുറപ്പെടാമെന്നുമുണ്ട്. അപ്രകാരം പകലിനെക്കാൾ രാത്രിയാണ് കൂടുതൽ സംശയത്തിന് സാധ്യതയുള്ളത് എന്നിരിക്കെ പകലിലും നമസ്കാരങ്ങൾക്കായി പള്ളിയിൽ പോകാമെന്ന് മനസ്സിലാകുന്നു" (ഫത്ഹുൽബാരി : 2/360)

നബി(സ്വ)യുടെ വഫാത്തിന്ന് ശേഷവും അവിടുത്തെ ഭാര്യമാർ പള്ളിയിൽ നമസ്കരിക്കുകയും ഇഅ്തികാഫ് ഇരിക്കുകയും ചെയ്തിരുന്നു: ആഇശ(റ) നിവേദനം: "നബി(സ്വ) വഫാത്താകുന്നതുവരെ റമദാനിലെ അവസാന പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുന്ന് ഇഹലോകവാസം വെടിഞ്ഞതിനുശേഷം അവിടുത്തെ ഭാര്യമാരും ഇഅ്തികാഫ് ഇരുന്നിരുന്നു" (ബുഖാരി, മുസ്‌ലിം).

പള്ളിയിൽ മാത്രമെ ഇഅ്തികാഫ് ശരിയാവുകയുള്ളൂ. ഇത് ശാഫിഈ മദ്ഹബിലെ കിതാബുകൾ പോലും വ്യക്തമാക്കുന്നുണ്ട്.

"പള്ളിയിൽ മാത്രമെ ഇഅ്തികാഫ് സാധുവാകുകയുള്ളൂ. ജുമുഅത്തു പള്ളിയാണ് ഏറ്റവും നല്ലത്. അവയവങ്ങളിൽ ചിലത് പള്ളിയിൽനിന്ന് പുറത്തേക്കിടുന്നതിന് വിരോധമില്ല. പള്ളിയിലല്ലാതെ വീ ട്ടിലോ മറ്റോ നമസ്കാരത്തിനായി തയ്യാർ ചെയ്യപ്പെട്ട സ്ഥലത്ത് ഇഅ്തികാഫ് സ്വഹീഹാവുകയില്ല" (പത്തുകിതാബ്, അധ്യായം നൂറുൽ അബ്സാർ. ഇബ്റാഹീം പുത്തൂർ ഫൈസിയുടെ പരിഭാഷയിൽ നിന്ന്, പേജ് 123).

അമുസ്‌ലിം, ഭ്രാന്തൻ, ബോധംകെട്ടവൻ, ആർത്തവകാരി, പ്രസവക്കാരികൾ, വലിയ അശുദ്ധിയുള്ളവർ, ലഹരിബാധിതർ ഇവരുടെ ഇഅ്തികാഫ് സ്വീകാര്യമല്ല" (പത്തുകിതാബ്, അധ്യായം നൂറുൽഅബ്സാർ. ഇബ്റാഹീം പുത്തൂർ ഫൈസിയുടെ പരിഭാഷയിൽനിന്ന്, പേജ് 124).

മലമൂത്ര വിസർജനം

ചെയ്യുക, രോഗമാകുക, ആർത്തവമുണ്ടാകുക പോലൊത്ത ഒഴിച്ചു കൂടാൻ പാടില്ലാത്ത ആവശ്യങ്ങൾക്കുവേണ്ടി പുറത്തു പോകുന്നതു കൊണ്ട് ഇഅ്തികാഫ് ബാത്വിലാവുകയില്ല" (ഇബ്റാഹീം പുത്തൂർ ഫൈസിയുടെ 'ഉംദ' പരിഭാഷയിൽനിന്ന്, പേജ് 184).

**വീടാണോ ഉത്തമം?**

നമസ്കാരം, ത്വവാഫ്, ഹജ്ജ്, ഉംറ എന്നീ കാര്യങ്ങൾക്കുവേണ്ടി സ്ത്രീകൾ പുറത്തുപോകുന്നത് അല്ലാഹുവോ റസൂലോ മുടക്കിയിട്ടില്ല. സ്ത്രീകൾ പള്ളിയിൽ വെച്ച് നമസ്കരിക്കുന്നതിനെക്കാൾ ഉത്തമം അവരുടെ വീട്ടിൽവെച്ച് നമസ്കരിക്കലാണ് എന്ന ഹദീസ് സ്വഹീഹാണെങ്കിൽതന്നെ അവയൊന്നും പള്ളിയിൽവെച്ച് നമസ്കരിക്കുന്നത് ഹറാമാണെന്ന് പഠിപ്പിക്കുന്നില്ല.

നബി(സ്വ)യുടെ പ്രിയപത്നിമാർ പള്ളിയിൽ പോയിരുന്നുവെന്ന് മാത്രമല്ല, പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുകയും കൂടി ചെയ്തിരുന്നുവെന്ന് നാം മനസ്സിലാക്കി.

ഒരു സ്ത്രീ ഇസ്‌ലാമിക വേഷമണിഞ്ഞ് തന്റെ ഭർത്താവിന്റെയോ പിതാവിന്റെയോ സഹോദരന്മാരുടെയോ കൂടെ അല്ലാഹുവിനുള്ള ഇബാദത്ത് നിർവഹിക്കാൻ പള്ളിയിൽ പോകുന്നത് ഹറാം! അവൾ അന്യപുരുഷന്മാരുടെകൂടെ സിയാറത്ത് ടൂറുകൾക്ക് പോകുന്നതും നേർച്ചപ്പൂരങ്ങളിൽ അന്യപുരുഷന്മാരോട് ഇടകലർന്നും തൊട്ടുരുമ്മിയും രാപകൽ വ്യത്യാസമില്ലാതെ പങ്കെടുക്കുന്നതും ഹലാൽ! എന്തൊരു വിരോധാഭാസം!

അല്ലാഹുവിനെ ആരാധിക്കാനായി ലോകത്താദ്യമായി നിർമിക്കപ്പെട്ട, ഏറ്റവും ശ്രേഷ്ഠമായ മക്കത്തെ പള്ളിയിലും അപ്രകാരം മദീനത്തെ പള്ളിയിലും അന്നുമുതൽ ഇന്നുവരെ ജുമുഅയിലും ജമാഅത്തുകളി ലും സ്ത്രീകൾ പങ്കെടുക്കുന്നുണ്ട്. എന്നിരിക്കെ സമസ്ത മുസ്‌ല്യാക്കന്മാരുടെ ഈ പൊള്ളവാദത്തിന് എന്ത് തെളിവാണുള്ളത് ?

**ഇമാം ശാഫിഈ(റഹി) ഈ വിഷയത്തിൽ എന്ത് പറയുന്നു?**

ശാഫിഈ മദ്ഹബിലെ ഏറ്റവും ചെറിയ ഗ്രന്ഥമായ 'പത്ത്കിതാബ് മുതൽ 'അൽഉമ്മ്' വരെയുള്ള സകല ഗ്രന്ഥങ്ങളും പഠിപ്പിക്കുന്നത് സ്ത്രീകൾ പുരുഷന്മാർ പങ്കെടുക്കുന്ന പള്ളികളിൽ പോയി ജുമുഅഃ ജമാഅത്തുകളിൽ പങ്കെടുക്കൽ അനുവദനിയമാണെന്നാണ്.

പത്ത് കിതാബിൽ പറയുന്നു: "കാഴ്ചയിൽ ആഗ്രഹിക്കപ്പെടുന്നവർക്കും യുവതികൾക്കും പള്ളിയിൽ ഹാജരാവൽ കറാഹത്താണ്; ഇവരല്ലാത്തവരല്ല. നാശത്തെ പേടിക്കാത്തപ്പോഴാണ് ഇപ്പറഞ്ഞത്" (ഒറ്റമാളിയേക്കൽ മുത്തുക്കോയ തങ്ങളുടെ പത്ത് കിതാബ് പരിഭാഷ, പേജ് 131).

ഇവിടെ കറാഹത്ത് (അനിഷ്ടകരം) മാത്രമാണ്, യുവതികൾക്കു പോലും പള്ളിയിൽ ഹാജരാവൽ ഹറാമല്ല എന്നാണ് പറയുന്നത്. യുവതികളല്ലാത്തവർക്ക് അനുവദനിയവുമാണ്. എന്നാൽ നവവിയെപ്പോ ലെയുള്ള, ശാഫിഈ മദ്ഹബിലെ പ്രാമാണികരായ പണ്ഡിതന്മാർ സ്ത്രീകളിൽ എല്ലാവർക്കും അനുവദനീ യമാണെന്ന് പറയുന്ന ധാരാളം ഉദ്ധരിണികൾ കാണാൻ സാധിക്കും.

"ഇമാമിന്റെ പിന്നിൽ ആദ്യം പുരുഷന്മാരും പിന്നെ ആൺകുട്ടികളും പിന്നെ സ്ത്രീകളുമാണ് അണിനിരക്കേണ്ടത്" (മഹല്ലി: 1/312).

"ഇമാമിന്റെ പിന്നിൽ ആദ്യം പുരുഷന്മാരും പിന്നെ കുട്ടികളും ശേഷം സ്ത്രീകളും നിൽക്കണം" (ഫത്ഹുൽ മുഈൻ: 66).

"സ്ത്രീകൾ ജുമുഅ നമസ്കാരത്തിന് പങ്കെടുക്കാൻ ഉദ്ദേശിച്ചാൽ മറ്റുള്ള നമസ്കാരങ്ങൾക്ക് അവർ വരുമ്പോൾ പാലിക്കേണ്ട നിബന്ധനയോടുകൂടി വരേണ്ടതാണ്" (ശറഹുൽ മുഹദ്ദബ്, വാല്യം 4, പേജ്:496).

"ജുമുഅ നിർബന്ധമില്ലാത്ത സ്വതന്ത്ര പുരുഷന്മാരിൽനിന്നുള്ള വിട്ടുവീഴ്ചയുള്ളവർ, പ്രായപൂർത്തിയെത്താത്തവർ, സ്ത്രീകൾ, അടിമകൾ എന്നിവർ ഇമാം ജുമുഅ നിർവഹിച്ച് അതിൽനിന്ന് വിരമിച്ച ശേഷമല്ലാതെ ദുഹ്ർ നമസ്കരിക്കുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല. കാരണം അവർക്ക് അവരുടെ തടസ്സം നീങ്ങിയാൽ ജുമുഅക്കു പങ്കെടുക്കലാണ് ഏറ്റവും ഉത്തമം" (അൽഉമ്മ്: 1/219).

ഇസ്‌ലാമിക വേഷമണിഞ്ഞുകൊണ്ട് സ്ത്രീകൾക്ക് പള്ളിയിൽ പോയി ജുമുഅ-ജമാഅത്ത് നമസ്കാരങ്ങൾ, പെരുന്നാൾ നമസ്കാരങ്ങൾ, ഗ്രഹണനമസ്കാരങ്ങൾ എന്നിവയിലെല്ലാം പങ്കെടുക്കൽ അനുവദനീയമാണെന്നത് നൂറിലധികം തെളിവുകൾകൊണ്ട് സ്ഥിരപ്പെട്ടതാണ്.

ചുരുക്കത്തിൽ, മുസ്‌ലിം സ്ത്രീകൾക്ക് ഇസ്‌ലാം പറഞ്ഞ നിബന്ധനകൾ പാലിച്ചുകൊണ്ട് പള്ളികളിൽ പോയി ജുമുഅ-ജമാഅത്ത് നമസ്കാരങ്ങളിൽ പങ്കെടുക്കുന്നത് ഹറാമാണെന്ന് വിശുദ്ധ ക്വുർആനിലോ, നബി(സ്വ)യുടെ ഹദീസിലോ കാണുക സാധ്യമല്ല. ശാഫിഈ മദ്ഹബുകാരെന്നവകാശപ്പെടുന്നവർക്ക് ഇമാം ശാഫിഈ സ്ത്രീകൾക്ക് പള്ളി വിലക്കിയതായി കാണിക്കുവാനും കഴിയില്ല. ■

# സൂറത്തു ഖസ്വസ്വ്

കഥാകഥനം

(മക്കയിൽ അവതരിച്ചത്)

അധ്യായം 28

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

58. സ്വന്തം ജീവിതസുഖത്തിൽ മതിമറന്ന് അഹങ്കരിച്ച എത്ര രാജ്യങ്ങൾ നാം നശിപ്പിച്ചിട്ടുണ്ട്. അവരുടെ വാസസ്ഥലങ്ങളതാ, അവർക്കു ശേഷം അപൂർവമായല്ലാതെ അവിടെ ജനവാസമുണ്ടായിട്ടില്ല. നാം തന്നെയായി (അവയുടെ) അവകാശി.

59. രാജ്യങ്ങളുടെ കേന്ദ്രത്തിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ ജനങ്ങൾക്ക് ഓതിക്കേൾപ്പിക്കുന്ന ഒരു ദൂതനെ അയക്കുന്നതുവരേക്കും നിന്റെ രക്ഷിതാവ് ആ രാജ്യങ്ങളെ നശിപ്പിക്കുന്നവനല്ല. രാജ്യക്കാർ അക്രമികളായിരിക്കുമ്പോഴല്ലാതെ നാം രാജ്യങ്ങളെ നശിപ്പിക്കുന്നതുമല്ല.

60. നിങ്ങൾക്ക് വല്ല വസ്തുവും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഐഹികജീവിതത്തിന്റെ സുഖഭോഗവും അതിന്റെ അലങ്കാരവും മാത്രമാകുന്നു. അല്ലാഹുവിങ്കലുള്ളത് കൂടുതൽ ഉത്തമവും നീണ്ടുനിൽക്കുന്നതുമത്രെ. എന്നിരിക്കെ നിങ്ങൾ ചിന്തിച്ച് മനസ്സിലാക്കുന്നില്ലേ?

61. അപ്പോൾ നാം ഏതൊരുവന് നല്ലൊരു വാഗ്ദാനം നൽകുകയും എന്നിട്ട് അവൻ അത് (നിറവേറിയതായി) കണ്ടെത്തുകയും ചെയ്യുവോ അവൻ ഐഹികജീവിതത്തിന്റെ സുഖാനുഭവം നാം അനുഭവിപ്പിക്കുകയും പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ (ശിക്ഷയ്ക്ക്) ഹാജരാക്കപ്പെടുന്നവരുടെ കൂട്ടത്തിലാവുകയും ചെയ്യുവനെപ്പോലെയാണോ?

62. അവൻ (അല്ലാഹു) അവരെ വിളിക്കുകയും എന്റെ പങ്കുകാർ എന്ന് നിങ്ങൾ ജൽപിച്ചിരുന്നവർ എവിടെ എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമത്രെ).

63. (ശിക്ഷയെപ്പറ്റിയുള്ള) വാക്ക് ആരുടെ മേൽ സ്ഥിരപ്പെട്ടിരിക്കുന്നുവോ അവർ (അന്ന്) ഇപ്രകാരം പറയുന്നതാണ്: 'ഞങ്ങളുടെ രക്ഷിതാവേ, ഇവരെയാണ് ഞങ്ങൾ വഴിപിഴപ്പിച്ചത്. ഞങ്ങൾ വഴിപിഴച്ചതുപോലെ അവരെയും വഴിപിഴപ്പിച്ചതാണ്. ഞങ്ങൾ നിന്റെ മുമ്പാകെ ഉത്തരവാദിത്തം ഒഴിഞ്ഞിരിക്കുന്നു. ഞങ്ങളെയല്ല അവർ ആരാധിച്ചിരുന്നത്.'

وَكَمْ أَهْلَكْنَا مِن قَرْيَةٍ بَطِرَتْ مَعِيشَتَهَا ۖ فَتِلْكَ مَسَاكِنُهُمْ لَمْ تُسْكَن مِّن بَعْدِهِمْ إِلَّا قَلِيلًا ۖ وَكُنَّا نَحْنُ الْوَارِثِينَ ﴿٥٨﴾

وَمَا كَانَ رَبُّكَ مُهْلِكَ الْقُرَىٰ حَتَّىٰ يَبْعَثَ فِي أُمِّهَا رَسُولًا يَتْلُو عَلَيْهِمْ آيَاتِنَا ۚ وَمَا كُنَّا مُهْلِكِي الْقُرَىٰ إِلَّا وَأَهْلُهَا ظَالِمُونَ ﴿٥٩﴾

مَا أُوتِيتُم مِّن شَيْءٍ فَمَتَاعُ الْحَيَاةِ الدُّنْيَا وَزِينَتُهَا ۚ وَمَا عِندَ اللَّهِ خَيْرٌ وَأَبْقَىٰ ۚ أَفَلَا تَعْقِلُونَ ﴿٦٠﴾

أَفَمَن وَعَدْنَاهُ وَعْدًا حَسَنًا فَهُوَ لَاقِيهِ كَمَن مَّتَّعْنَاهُ مَتَاعَ الْحَيَاةِ الدُّنْيَا ثُمَّ هُوَ يَوْمَ الْقِيَامَةِ مِنَ الْمُحْضَرِينَ ﴿٦١﴾

وَيَوْمَ يُنَادِيهِمْ فَيَقُولُ أَيْنَ شُرَكَائِيَ الَّذِينَ كُنتُمْ تَزْعُمُونَ ﴿٦٢﴾

قَالَ الَّذِينَ حَقَّ عَلَيْهِمُ الْقَوْلُ رَبَّنَا هَٰؤُلَاءِ الَّذِينَ أَغْوَيْنَا أَغْوَيْنَاهُمْ كَمَا غَوَيْنَا ۖ تَبَرَّأْنَا إِلَيْكَ ۖ مَا كَانُوا إِيَّانَا يَعْبُدُونَ ﴿٦٣﴾

58) അദ്ദേഹത്തെ നിഷേധിക്കുന്നതിനെ സൂക്ഷിക്കണം; തങ്ങൾക്ക് ലഭിച്ച ആ അനുഗ്രഹത്തിൽ ധിക്കാരികളാകുന്നതും. അവരുടെ നിർഭയത്വം ഭയമായി മാറാതിരിക്കാനും അന്തസ്സ് നഷ്ടപ്പെട്ട് നിന്ദ്യരായിത്തീരാതിരിക്കാനും സമ്പന്നതയ്ക്കു ശേഷം ദരിദ്രരാവാതിരിക്കാനും. അതിനുവേണ്ടിയാണ് പൂർവ സമുദായങ്ങൾക്ക് സംഭവിച്ചത് ഇവിടെ താക്കീതായി പറഞ്ഞത്. (സ്വന്തം ജീവിതസുഖത്തിൽ മതിമറന്ന് അഹങ്കരിച്ച എത്ര രാജ്യങ്ങളെ നാം നശിപ്പിച്ചിട്ടുണ്ട്) അവർക്ക് നൽകിയ ജീവിത സൗകര്യങ്ങളെ അവർ വിലമതിച്ചില്ല. അതിലവർ അഹങ്കരിച്ചു. പ്രവാചകന്മാരിൽ വിശ്വസിക്കുന്നതിൽനിന്ന് അതവരുടെ ശ്രദ്ധ തെറ്റിച്ചു. അപ്പോൾ അല്ലാഹു അവരെ നശിപ്പിച്ചു. അനുഗ്രഹങ്ങൾ എടുത്തുകളഞ്ഞു. അവർക്ക് ശിക്ഷയിറങ്ങുകയും ചെയ്തു. (അവരുടെ വാസസ്ഥലങ്ങളതാ; അവർക്ക് ശേഷം അപൂർവമായല്ലാതെ അവിടെ ജനവാസമുണ്ടായിട്ടില്ല) അവരുടെ വിയോഗത്തിന് ശേഷം നിരന്തരമായ നാശവും ശിക്ഷയും ആവർത്തിച്ചുവന്നതിനാൽ അവരുടെ വാസസ്ഥലങ്ങൾ ശൂന്യമായിത്തീർന്നു. (നാം തന്നെയാണ് (അവയുടെ) അവകാശി) ദാസന്മാരെ നാം മരിപ്പിക്കും. അവർക്ക് നാം നൽകി അനുഭവിപ്പിച്ച എല്ലാ സുഖങ്ങളും നമ്മിലേക്ക് മടങ്ങും. പിന്നീട് നാം അവരെ നമ്മിലേക്ക് തിരിച്ചുകൊണ്ടുവരികയും അവരുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുകയും ചെയ്യും.

59) അല്ലാഹുവിന്റെ കാരുണ്യവും അവന്റെ യുക്തിയും കാരണം പ്രവാചകന്മാരെ നിയോഗിച്ചു. അവർക്കെതിരെ ഒരു തെളിവുണ്ടാകുന്നതുവരെ അവരുടെ അവിശ്വാസത്തിന് അവൻ അവരെ ശിക്ഷിച്ചിട്ടില്ല. അതാണ് അല്ലാഹു പറഞ്ഞത്: (നിന്റെ രക്ഷിതാവ് ആ രാജ്യങ്ങളെ നശിപ്പിക്കുന്നവനല്ല) അതായത് അവരുടെ നിഷേധവും അക്രമവും കാരണം. (രാജ്യങ്ങളുടെ കേന്ദ്രത്തിൽ അയക്കുന്നത് വരെ) അവരുടെ പ്രധാന നഗരത്തിലേക്ക്. അതായത് അവർ എപ്പോഴും ബന്ധപ്പെടുകയും സന്ദർശിക്കുകയും വന്ന് പോയിക്കൊണ്ടിരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന പട്ടണത്തിലേക്ക്. അവിടേക്ക് നൽകുന്ന സന്ദേശങ്ങൾ ചുറ്റുമുള്ളവർ കാണാതെ പോകില്ല. അവർ ആ പട്ടണവുമായി ബന്ധപ്പെട്ട് നിൽക്കുന്നു. (നമ്മുടെ ദൃഷ്ടാന്തങ്ങൾ അവരുടെ മേൽ ഓതിക്കേൾപിക്കുന്ന ഒരു ദൂതനെ) ആ ദൂതനെയും അദ്ദേഹം പ്രബോധനം ചെയ്യുന്ന കാര്യങ്ങളെയും സത്യപ്പെടുത്തുന്ന ദൃഷ്ടാന്തം. അപ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ അകലെയുള്ളവർക്കും അടുത്തുള്ളവർക്കും എത്തുന്നു. അകന്ന സ്ഥലങ്ങളിലും വിദൂര ഗ്രാമങ്ങളിലും പ്രവാചകന്മാരെ നിയോഗിച്ചാൽ അത് സാധ്യമല്ല. അത് അറിയാതെ പോകാൻ സാധ്യതയുണ്ട്. പ്രധാന നഗരങ്ങളിലാകുമ്പോൾ പരസ്യമാക്കാനും പ്രചരിക്കാനും എളുപ്പമാണ്. അവരിൽ അധികവും മറ്റുള്ളവരെക്കാൾ നിർജീവത കുറവായിരിക്കും. (രാജ്യക്കാർ അക്രമികളായിരിക്കുമ്പോഴല്ലാതെ നാം രാജ്യങ്ങളെ നശിപ്പിക്കുന്നതുമല്ല) പാപങ്ങളും നിഷേധവും കാരണം അവർ ശിക്ഷക്ക് അർഹരായിരിക്കും. ചുരുക്കത്തിൽ, അല്ലാഹു ഒരു സമൂഹത്തെ ശിക്ഷിക്കണമെങ്കിൽ അവർ അക്രമികളാവുകയും അവർക്ക് സന്ദേശം എത്തിയിരിക്കുകയും വേണം.

60). ഇഹലോകത്തോട് വിരക്തി കാണിക്കാനും അതിൽ വഞ്ചിതരാകാതിരിക്കാനും പ്രേരിപ്പിക്കുകയാണ് അല്ലാഹു ഇവിടെ. അവർ ചെയ്യേണ്ടത് പരലോകത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അത് അവരുടെ പ്രധാന ലക്ഷ്യമായി കാണുകയും വേണം. സ്വർണം, വെള്ളി, നാൽക്കാലികൾ, ചരക്കുകൾ, ഭാര്യമാർ, മക്കൾ, ഭക്ഷണ പാനീയങ്ങൾ, ആസ്വാദനങ്ങൾ ഇവയെല്ലാം ഇഹലോക വിഭവങ്ങളും അതിന്റെ അലങ്കാരങ്ങളുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇവയെല്ലാം അൽപ നേരത്തേക്കുള്ള ആസ്വാദനവും ധാരാളം ന്യൂനതകളും തകരാറുകളും ഉള്ളതുമാകുന്നു. കുറച്ച് കാലം ഇതെല്ലാം ആസ്വദിക്കാം. അതവന് അഭിമാനത്തിനും ലോക മാന്യതയ്ക്കും നിമിത്തമാകുന്നു. പിന്നീട് പെട്ടെന്നത് നീങ്ങും. എല്ലാം അവസാനിക്കും. ഇതിനു മാത്രമായി ജീവിച്ചവന് ദുഃഖവും ഖേദവും പരാജയവും ഇല്ലായ്മയുമല്ലാതെ മറ്റൊന്നും അവശേഷിക്കില്ല. (അല്ലാഹുവിങ്കലുള്ളത്) എന്നാൽ അല്ലാഹുവിന്റെ പക്കലുള്ളതാവട്ടെ, ശാശ്വതവും മികച്ചതും സ്ഥിരമായ ആസ്വാദനം നൽകുന്നതുമാണ്.

(കൂടുതൽ ഉത്തമവും നീണ്ടുനിൽക്കുന്നതുമത്രെ) അളവിലും ഗുണത്തിലുമെല്ലാം അതാണുത്തമം. അത് എന്നെന്നുമുണ്ടാകും. (നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ?) ഇത്

മനസ്സിലാക്കാനുള്ള ബുദ്ധി നിങ്ങൾക്കില്ലേ? അതായത്, ഇവ രണ്ടിൽ ഏതാണ് ഉത്തമമെന്ന് മനസ്സിലാക്കാൻ, രണ്ടിലേത് ലോകത്തേക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന് ചിന്തിക്കാൻ. മനുഷ്യൻ അവന്റെ ബുദ്ധിയുടെ തോതനുസരിച്ച് ഇഹലോകത്തെക്കാൾ പരലോകത്തിന് മുൻഗണന നൽകുന്നു. ബുദ്ധിശൂന്യർ മാത്രമെ ഇഹലോകത്തിന് മുൻഗണന നൽകൂ.

61) അതിനാൽ ഇഹലോകത്തിന് മുൻഗണന നൽകുന്നവന്റെയും പരലോകത്തിന് മുൻഗണന നൽകുന്നവന്റെയും പരിണിതി തുലനം ചെയ്യാൻ ബുദ്ധിയെ അല്ലാഹു ഉൽബോധിപ്പിക്കുന്നു. (അപ്പോൾ നാം ഏതൊരുത്തന് നല്ലൊരു വാഗ്ദാനം നൽകുകയും എന്നിട്ടവൻ അത്-നിറവേറ്റിയതായി-കണ്ടെത്തുകയും ചെയ്യുവോ?) പരലോകത്തിന് ആവശ്യമായ പരിശ്രമങ്ങൾ നടത്തുന്ന ഒരു വിശ്വാസി അവൻ പ്രവർത്തിക്കുന്നത് തന്റെ രക്ഷിതാവിന്റെ വാഗ്ദാനത്തിൽ പ്രതീക്ഷയർപ്പിച്ചാണ്. അതായത്, സുഖാനുഗ്രഹങ്ങളുള്ള സ്വർഗം പ്രതിഫലമായി ലഭിക്കുമെന്ന വാഗ്ദാനം പ്രതീക്ഷിച്ചുകൊണ്ട്. യാതൊരു സംശയവുമില്ല. അവനത് ലഭിക്കുകതന്നെ ചെയ്യും. കാരണം അത് കരാറുകൾ പാലിക്കുന്നവന്റെ വാക്കാണ്. അവൻ കരാർ ലംഘിക്കില്ല. തന്റെ തൃപ്തിക്കു വേണ്ടി നിലകൊള്ളുകയും തന്റെ കോപത്തെ അകറ്റുകയും ചെയ്ത തന്റെ ദാസന് നൽകിയ വാഗ്ദാനം. ഇവനെപ്പോലെയാണോ (ഐഹിക ജീവിതത്തിന്റെ സുഖാനുഭവം അനുഭവിപ്പിക്കുകയും) ചെയ്തവൻ. അവന് നൽകിയത് അവൻ എടുക്കുന്നു. തിന്നുന്നു, കുടിക്കുന്നു. നാൽക്കാലികളെ പോലെ ആസ്വദിക്കുന്നു. പരലോകം മറന്ന് ഇഹലോകത്തിൽ വ്യാപൃതനാകുന്നു. അവർ അല്ലാഹുവിന്റെ മാർഗദർശനത്തിൽ ശ്രദ്ധ ചെലുത്തുന്നില്ല. ദൂതന്മാരെ പിന്തുടരുന്നുമില്ല. അവൻ തന്റെ നിലപാട് തുടർന്നുകൊണ്ടിരിക്കുന്നു. ഇഹലോകത്ത് നഷ്ടവും നാശവുമില്ലാതെ യാതൊന്നും അവൻ നേടുന്നില്ല. വിചാരണക്കു വേണ്ടി (ഉയിർത്തെഴുന്നേൽപ് നാളിൽ ഹാജരാക്കപ്പെടുന്നവരുടെ കൂട്ടത്തിലാവുകയും ചെയ്യുന്നു). എന്നാൽ തനിക്കുവേണ്ടി യാതൊന്നും താൻ ഒരുക്കിവെച്ചിട്ടില്ലെന്ന് അവന് ഇതിനകം മനസ്സിലാകും. ചെയ്തതെല്ലാം തനിക്ക് ദോഷമായത് മാത്രം. അങ്ങനെ പ്രതിഫല ലോകത്തേക്ക് അവനെത്തി. അവന്റെ അവസാനം എന്തായിരിക്കുമെന്നാണ് നിങ്ങൾ കരുതുന്നത്? അതിനാൽ ബുദ്ധിയുള്ളവർ തനിക്ക് ഉത്തമമായത് തിരഞ്ഞെടുക്കട്ടെ; രണ്ടവസ്ഥകളിൽ തനിക്കേറ്റവും അർഹമായതും യോഗ്യമായതും.

62,63) ഉയിർത്തെഴുന്നേൽപ് നാളിൽ തന്റെ സൃഷ്ടികളോട് എന്താണ് ചോദിക്കുക എന്ന് അല്ലാഹു ഇവിടെ പറയുന്നു. അവൻ അവരോട് ഏറ്റവും അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ച് ചോദിക്കും. അല്ലാഹുവിനെ ആരാധിക്കുന്നതിനെക്കുറിച്ചും ദൂതന്മാരോടുള്ള അവരുടെ പ്രതികരണങ്ങളെക്കുറിച്ചും. (അവൻ-അല്ലാഹു- അവരെ വിളിക്കുന്ന ദിവസം) അവനിൽ പങ്കുചേർത്തവരെയും അവർ ആരാധിക്കുകയും ഉപകാരം ചെയ്യാമെന്നും ഉപദ്രവം തടയാമെന്നും പ്രതീക്ഷിച്ചവരെയും. അവൻ അവരെ വിളിച്ചത് അവരുടെ പങ്കാളികളുടെ അശക്തിയും വഴികേടും വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടിയാണ്. (എന്റെ പങ്കുകാർ എവിടെ എന്ന് ചോദിക്കും) അല്ലാഹുവിന് പങ്കുകാരില്ല. അത് അവരുടെ ജൽപനവും കളവും മാത്രമാണ്. അതാണ് അല്ലാഹു പറഞ്ഞത് (നിങ്ങൾ ജൽപിച്ചിരുന്നവർ) എന്ന്. അവരെവിടെയാണ്? അവരുടെ പ്രയോജനമെവിടെ? അവരുടെ പ്രതിരോധമെവിടെ? അവർ ആരാധിച്ചതും പ്രതീക്ഷിച്ചതും അസ്ഥാനത്താണെന്നും വ്യാജമാണെന്നും നിരർഥകമാണെന്നും അവർക്ക് വ്യക്തമാകും.

തങ്ങൾക്ക് വഴിതെറ്റിയെന്ന് അവർ സമ്മതിക്കും. (-ശിക്ഷയുടെ- വാക്ക് ആരുടെ മേൽ സ്ഥിരപ്പെടുന്നുവോ അവൻ ഇപ്രകാരം പറയുന്നതാണ്) അതായത്, അവിശ്വാസത്തിന്റെയും തിന്മയുടെയും നേതാക്കൾ തങ്ങൾ വഴിതെറ്റിയതും തെറ്റിച്ചതും സമ്മതിച്ചുകൊണ്ട് പറയും: (ഞങ്ങളുടെ രക്ഷിതാവേ, ഇവരെയാണ്) അനുയായികളെ. (ഞങ്ങൾ വഴിപിഴപ്പിച്ചത്.

ഞങ്ങൾ വഴിപിഴച്ചതുപോലെ അവരെയും വഴിപിഴപ്പിച്ചതാണ്) ഞങ്ങൾ എല്ലാവരും വഴികേടിൽ പങ്കുചേർന്നു. ശിക്ഷയും യാഥാർഥ്യമായി. (ഞങ്ങൾ നിന്റെ മുമ്പാകെ ഉത്തരവാദിത്തം ഒഴിഞ്ഞിരിക്കുന്നു) ഞങ്ങളെ അവർ ആരാധിച്ചതിനെ നിരാകരിക്കുന്നു. അതായത്, അവരുടെ പ്രവർത്തനത്തിൽ ഞങ്ങൾക്ക് ഉത്തരവാദിത്തമില്ല. (ഞങ്ങളെയല്ല, അവർ ആരാധിച്ചിരുന്നത്) അവർ പിശാചിനെ മാത്രമാണ് ആരാധിച്ചിരുന്നത്.

മുഹമ്മദ് അമീൻ




# ഇഖ്‌വാനുൽ മുസ്‌ലിമൂൻ: മതത്തിന്റെ പരിവേഷമണിഞ്ഞ അപകടം

മതത്തിന്റെ പരിവേഷമണിഞ്ഞെത്തുന്ന അപകടങ്ങളെയാണ് നാം ഏറ്റവും കൂടുതൽ ഭയപ്പെടേണ്ടത്. ലോകമെമ്പാടുമുള്ള മുസ്‌ലിം സമൂഹങ്ങളിൽ, പ്രത്യേകിച്ച് അറബ് ലോകത്ത്, കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി അശാന്തിയുടെയും കലാപങ്ങളുടെയും വിത്തുകൾ പാകിയതിൽ 'അൽഇഖ്‌വാനുൽ മുസ്‌ലിമൂൻ' എന്ന സംഘടനയ്ക്കുള്ള പങ്ക് ചെറുതല്ല. എന്തുകൊണ്ടാണ് തൗഹീദിന്റെ കോട്ടയായ സൗദി അറേബ്യ ഈ സംഘടനയെ നിരോധിച്ചത്? ഇത് കേവലമൊരു രാഷ്ട്രീയ തീരുമാനമായിരുന്നില്ല; മറിച്ച്, ഇസ്‌ലാമിക അക്വീദയെയും (വിശ്വാസം) മുസ്‌ലിം സമുദായത്തെയും കാർന്നുതിന്നുന്ന അർബുദത്തിനെതിരെയുള്ള അനിവാര്യമായ ചികിത്സയായിരുന്നു.

ഈ യാഥാർഥ്യങ്ങളെ സാക്ഷ്യപ്പെടുത്തുന്നതാണ് മുൻ ഇഖ്‌വാനി പ്രവർത്തകനായിരുന്ന ഖാലിദ് ഥാമിർ അൽസുബയീയുടെ വെളിപ്പെടുത്തലുകൾ. ഹിജ്‌റ 1401 (ക്രി.1981). അന്ന് പത്താം ക്ലാസ് വിദ്യാർഥി മാത്രമായിരുന്ന ഖാലിദ് അൽസുബയീയുടെ ഓർമകളി

‘കൊറോണ വൈറസ് പടർന്നുപിടിച്ച പ്പോൾ ലോകം മുഴുവൻ അതിനെക്കു റിച്ച് മാത്രം സംസാരിച്ചു. കാരണം, ആ പ്രശ്നത്തിന്റെ വലിപ്പവും അപകടവും അത്രത്തോളമായിരുന്നു. അതുപോ ലെയാണ് ഇഖ്വാനുൽ മുസ്‌ലിമൂനും. കഴിഞ്ഞ 90-100 വർഷമായി ഇസ്‌ലാമിക ലോകത്തെ, വിശിഷ്യാ അറബ് ലോകത്തെ ഗ്രസിച്ചിരിക്കുന്ന ഒരു മഹാമാരിയാണത്.’

- ശൈഖ് ഹമദ് അൽഅതീഖ്

ലൂടെയാണ് ഈ ചരിത്രം ചുരുളഴിയുന്നത്. ഈജിപ്ഷ്യൻ പ്രസിഡന്റ് അൻവർ സാദത്ത് കൊല്ലപ്പെട്ടപ്പോൾ താനും കൂടെയുള്ള യുവാക്കളും സന്തോഷിച്ച കാര്യം അദ്ദേഹം അനുസ്മരിക്കുന്നു. കാരണം, അദ്ദേഹം ഇസ്‌ലാമിന്റെ ശത്രുവാണെന്നായിരുന്നു ആ കൗമാരക്കാരുടെ മനസ്സിൽ അവർ കുത്തിവെച്ചിരുന്നത്.

‘സഹ്‌വ്’ (ഉണർവ്) പ്രസ്ഥാനം എന്ന പേരിൽ അറിയപ്പെട്ട ഇഖ്‌വാനി-സുറൂറി ചിന്താധാരയിലേക്കുള്ള അദ്ദേഹത്തിന്റെ പ്രയാണം അവിടെ നിന്നാണ് തുടങ്ങുന്നത്. പള്ളികളിൽ വെച്ചാണ് അവർ ഇരകളെ കണ്ടെത്തിയിരുന്നത്. നമസ്കാരത്തിൽ കൃത്യത പാലിക്കുന്ന, നല്ല സ്വഭാവമുള്ള കുട്ടികളെ സമീപിച്ച് ‘ഇന്ന് നമുക്കൊരു ബീച്ച് ട്രിപ്പുണ്ട്, കൂടെ വരുന്നോ’ എന്ന സ്നേഹപൂർണമായ ക്ഷണം. 1981 കാലഘട്ടത്തിൽ ഫുട്ബോൾ കളിക്കുകയും പാട്ടുപാടുകയും രാത്രിയിൽ ക്യാമ്പ് ഫയർ നടത്തുകയും ചെയ്യുന്ന, താടിയുള്ള ‘മതഭക്തരെ’ കാണുന്നത് ആ യുവാക്കൾക്ക് അത്ഭുതമായിരുന്നു. ആ ആകർഷണീയതയിൽനിന്ന് തുടങ്ങി, കിംഗ് ഫഹദ് യൂണിവേഴ്സിറ്റി ഓഫ് പെട്രോളിയം ആൻഡ് മിനറൽസിലെ (KFUPM) ഉന്നതരായ അധ്യാപകരിലേക്കും ഡീനുകളിലേക്കുംവരെ ആ ബന്ധം വളർന്നു. സയൻസും കണക്കും പഠിപ്പിച്ചുതരുന്ന അധ്യാപകർ എന്ന വ്യാജേന അവർ വിദ്യാർഥികളെ സ്വാധീനിച്ചു. തുടക്കത്തിൽതന്നെ അവർ നൽകിയ ഉപദേശം ഇതായിരുന്നു: ‘നിന്റെ ഈ പ്രവർത്തനം അല്ലാഹുവിൽ മാത്രം സമർപ്പിക്കപ്പെട്ടതാകാൻ, നീ ഇക്കാര്യം നിന്റെ ഉപ്പയോടോ ഉമ്മയോടോ സഹോദരങ്ങളോടോ പറയരുത്.’ ദീൻ പഠിക്കാൻ പോകുന്ന കാര്യം മാതാപിതാക്കളിൽനിന്ന് മറച്ചുവെക്കണമെന്ന് പറയുന്നതിലെ അപകടം ആ കൗമാരക്കാർ തിരിച്ചറിഞ്ഞില്ല. ഖുർആൻ തഫ്സീറിലും സീറയിലും തുടങ്ങിയ പഠനം പതുക്കെ വഴിമാറി. യൂസുഫുൽ ഖറദാവിയുടെയും മുസ്തഫ മശ്ഹൂറിന്റെയും മുഹമ്മദ് ഖുതുബിന്റെയും പുസ്തകങ്ങളിലേക്കും കാസറ്റുകളിലേക്കും അവർ കുട്ടികളെ കൊണ്ടുപോയി.

ഒടുവിൽ, ‘സാദിഖ് അമീൻ’ (അബ്ദുല്ല അസ്സാം) എഴുതിയ പുസ്തകം പഠിപ്പിക്കപ്പെടുന്നതോടെ ഒരു ഭീകരവാദിയുടെ മനസ്സ് പാകപ്പെടുന്നു. ‘ഇന്നത്തെ സമൂഹം ജാഹിലിയ്യത്തിലാണ് (അവിശ്വാസത്തിലാണ്). ഭരണാധികാരികൾ അല്ലാഹുവിന്റെ നിയമം നടപ്പിലാക്കാത്തവരാണ്. അതിനാൽ അവരുമായുള്ള ഏറ്റുമുട്ടൽ അനിവാര്യമാണ്’-ഇതായിരുന്നു ആ പുസ്തകത്തിന്റെ സാരം.

1987ഓടെ ഔദ്യോഗികമായി സംഘടനയിൽ ചേർന്ന അദ്ദേഹം, പിന്നീട് പത്ത് പേരുടെ ഉത്തരവാദിത്ത മുള്ള ‘നഖീബ്’ എന്ന സ്ഥാനത്തേക്ക് ഉയർന്നു. കുവൈത്തിനെ ഇറാഖ് ആക്രമിച്ച യുദ്ധകാലത്ത്, ഇറാഖിനെതിരെ നിൽക്കുന്ന സൗദി നിലപാടിനെ എതിർക്കാനും ജനങ്ങളെ ഇളക്കിവിടാനും മുകളിൽ നിന്ന് (ഇന്റർനാഷണൽ ഓർഗനൈസേഷനിൽനിന്ന്) കൃത്യമായ നിർദേശങ്ങൾ ലഭിച്ചിരുന്നതായി അദ്ദേഹം വെളിപ്പെടുത്തുന്നു.

സർവകലാശാലകളിൽ ‘ജവ്വാല’ എന്ന പേരിലായിരുന്നു ഇവർ പ്രവർത്തിച്ചിരുന്നത്. പുറമെ സ്കൗട്ട് ക്യാമ്പുകൾ; എന്നാൽ അകത്ത് നടക്കുന്നത് ഇഖ്‌വാനി കേഡർമാർക്കുള്ള പരിശീലനമായിരുന്നു. ഖൈറത്ത് അൽഷാത്വിറിനെ (ഈജിപ്ഷ്യൻ ഇഖ്‌വാനി നേതാവ്) പോലുള്ളവർ വരെ സൗദിയിലെത്തി ഇത്തരം ക്യാമ്പുകളിൽ പങ്കെടുത്തിട്ടുണ്ടെന്ന് അൽസുബയീ സാക്ഷ്യപ്പെടുത്തുന്നു. ഇത് കേവലം ഒരാളുടെ അനുഭവമല്ല, മറിച്ച് സൗദി അറേബ്യയെ തകർക്കാൻ ശ്രമിച്ച ഒരു വലിയ ശൃംഖലയുടെ നേർചിത്രമാണ്. ഈ വസ്തുതകൾ മുൻനിർ

> 2011ൽ അറബ് ലോകത്ത് വീശിയടിച്ച 'അറബ് വസന്തം' (Arab Spring) എന്ന് വിളിക്കപ്പെട്ട കലാപങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചത് ഈ സംഘടനയായിരുന്നു. ഭരണം പിടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ അവർ നടത്തിയ നീക്കങ്ങൾ പല രാജ്യങ്ങളെയും അരാജകത്വത്തിലേക്കാണ് തള്ളിവിട്ടത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഈ 'വസന്തം' കടന്നുചെല്ലാത്ത രാജ്യങ്ങൾ ഇന്നും സുരക്ഷിതമായി നിലകൊള്ളുന്നു. എന്നാൽ അവരുടെ വലയിൽ വീണ രാജ്യങ്ങളുടെ ഇന്നത്തെ അവസ്ഥ എന്താണെന്ന് ചിന്തിക്കുന്ന ഏതൊരാൾക്കും ഈ സംഘടനയുടെ അപകടം ബോധ്യപ്പെടും

ത്തിയാണ്, സൗദി അറേബ്യയിലെ പണ്ഡിതനും The General Presidency for the Promotion of Virtue and Prevention of Vice ഉപദേഷ്ടാവുമായ ശൈഖ് ഹമദ് അൽഅതീഖ് 'ഇഅ്തിദാൽ' ചാനലിലൂടെ നടത്തിയ ചരിത്രപ്രസിദ്ധമായ വെളിപ്പെടുത്തലുകളെ അടിസ്ഥാനമാക്കിയുള്ള ഈ ലേഖന പരമ്പര പ്രസക്തമാകുന്നത്. ചരിത്രരേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ സൗദിയിലെ ചരിത്രവും ഗൂഢനീക്കങ്ങളും നാം ഇതിലൂടെ പരിശോധിക്കുകയാണ്.

**എന്തുകൊണ്ട് ഇഖ്‌വാനുൽ മുസ്‌ലിമൂനെക്കുറിച്ച് സംസാരിക്കണം?**

ഇന്നത്തെ സാഹചര്യത്തിൽ ഇഖ്‌വാനിസത്തെക്കുറിച്ച് സംസാരിക്കുന്നത് സമയം പാഴാക്കലല്ലേ എന്ന് ചോദിക്കുന്നവരുണ്ട്. ഇതിന് ശൈഖ് ഹമദ് അൽഅതീഖ് നൽകുന്ന മറുപടി വളരെ ചിന്തനീയമാണ്. 'കൊറോണ വൈറസ് പടർന്നുപിടിച്ചപ്പോൾ ലോകം മുഴുവൻ അതിനെക്കുറിച്ച് മാത്രം സംസാരിച്ചു. കാരണം, ആ പ്രശ്നത്തിന്റെ വലിപ്പവും അപകടവും അത്രത്തോളമായിരുന്നു. അതുപോലെയാണ് ഇഖ്വാനുൽ മുസ്‌ലിമൂനും. കഴിഞ്ഞ 90-100 വർഷമായി ഇസ്‌ലാമിക ലോകത്തെ, വിശിഷ്യാ അറബ് ലോകത്തെ ഗ്രസിച്ചിരിക്കുന്ന ഒരു മഹാമാരിയാണത്.'

2011ൽ അറബ് ലോകത്ത് വീശിയടിച്ച 'അറബ് വസന്തം' (Arab Spring) എന്ന് വിളിക്കപ്പെട്ട കലാപങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചത് ഈ സംഘടനയായിരുന്നു. ഭരണം പിടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ അവർ നടത്തിയ നീക്കങ്ങൾ പല രാജ്യങ്ങളെയും അരാജകത്വത്തിലേക്കാണ് തള്ളിവിട്ടത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഈ 'വസന്തം' കടന്നുചെല്ലാത്ത രാജ്യങ്ങൾ ഇന്നും സുരക്ഷിതമായി നിലകൊള്ളുന്നു. എന്നാൽ അവരുടെ വലയിൽ വീണ രാജ്യങ്ങളുടെ ഇന്നത്തെ അവസ്ഥ എന്താണെന്ന് ചിന്തിക്കുന്ന ഏതൊരാൾക്കും ഈ സംഘടനയുടെ അപകടം ബോധ്യപ്പെടും.

**ചരിത്രപരമായ പശ്ചാത്തലം: വേരുകൾ തേടി**

ഉസ്മാനിയ ഖിലാഫത്തിന്റെ തകർച്ചയ്ക്കും പാശ്ചാത്യശക്തികളുടെ ഉയർച്ചയ്ക്കും ശേഷം മുസ്‌ലിം ലോകത്ത് ഉടലെടുത്ത അപകർഷതാബോധത്തെ മുതലെടുത്താണ് പല പ്രസ്ഥാനങ്ങളും കടന്നുവന്നത്. അങ്ങനെയാണ് 1928ൽ ഈജിപ്തിൽ ഇഖ്‌വാനുൽ മുസ്‌ലിമൂന് രൂപം നൽകുന്നത്.

ശൈഖ് ഹമദ് അൽ അതീഖ് ചൂണ്ടിക്കാണിക്കുന്ന സുപ്രധാനമായ ഒരു വസ്തുതയുണ്ട്: 'ഹസനുൽ ബന്ന വളർന്നുവന്നത് ഒരു സ്വൂഫി പശ്ചാത്തലത്തിലാണ്. ഹസ്സാഫിയ്യ ശാദുലിയ്യ എന്ന സ്വൂഫി ത്വരീഖത്തിന്റെ അനുയായിയായിരുന്നു അദ്ദേഹം. നബി(സ്വ)യുടെ ചര്യക്ക് വിരുദ്ധമായ പല അനാചാരങ്ങളും ഇവർക്കിടയിലുണ്ടായിരുന്നു. ഈ സ്വൂഫി ത്വരീഖത്തിൽനിന്ന് കടമെടുത്തതാണ് ഇഖ്‌വാനികൾ തങ്ങളുടെ നേതാക്കന്മാർക്ക് നൽകുന്ന 'ബൈഅത്ത്' (പ്രതിജ്ഞ) എന്ന സമ്പ്രദായം. ശൈഖിന് മുമ്പിൽ മുരീദ് (ശിഷ്യൻ) കീഴടങ്ങുന്നതുപോലെ, സംഘടനാ നേതൃത്വത്തിന് മുമ്പിൽ അണികൾ പൂർണമായി അടിയറവ് പറയുന്ന രീതി ബന്ന തന്റെ സംഘടനയിലേക്ക് പകർത്തി.'

'ഹസ്സാഫിയ്യ ചാരിറ്റി' എന്ന പേരിൽ തുടങ്ങിയെങ്കിലും പിന്നീട് അഹ്മദ് അസ്സുക്കരിയുമായി ചേർന്ന് ഇസ്മാഈലിയ്യയിൽ വെച്ച് ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്ന പേരിൽ രാഷ്ട്രീയ രൂപം പ്രാപിക്കുകയായിരുന്നു. ദഅ്‌വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ആഗ്രഹിച്ച സുക്കരിയെ പുറത്താക്കി, 1947ഓടെ ഹസനുൽ ബന്ന സംഘടനയുടെ പൂർണ നിയന്ത്രണം ഏറ്റെടുക്കുകയും, 'അൽജിഹാസുൽ ഖാസ്' (The Special Apparatus) എന്ന പേരിൽ ഒരു രഹസ്യ സൈനിക വിഭാഗം രൂപീകരിക്കുകയും ചെയ്തു.

**ഇഖ്‌വാനിസത്തിന്റെ ഘടന: പല രൂപങ്ങൾ, ഒരേ ലക്ഷ്യം**

പലപ്പോഴും ആളുകൾ ചോദിക്കാറുണ്ട്, ഇഖ്‌വാനികൾക്കിടയിൽ തന്നെ പല വിഭാഗങ്ങളില്ലേ? 'ബന്നാവിയ്യുകൾ,' 'ഖുതുബിയ്യുകൾ' എന്നിങ്ങനെ?

ശൈഖ് ഹമദ് അൽഅതീഖ് ഇതിനൊരു ഉദാഹരണം നൽകുന്നു: "ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്നത് ഒരു മാവ് പോലെയാണ്. അത് ഏത് അച്ചിലിട്ടാലും ആ രൂപം സ്വീകരിക്കും. ചതുരത്തിലുള്ള അച്ചിലിട്ടാൽ ചതുരമായും വട്ടത്തിലാണെങ്കിൽ വട്ടത്തിലും അത് കാണപ്പെടും. എന്നാൽ അതിന്റെ അടിസ്ഥാനം (മെറ്റീരിയൽ) ഒന്നു തന്നെയാണ്. ടുണീഷ്യയിൽ 'അന്നഹ്ദ' എന്ന പേരിൽ ലിബറലുകളായി അവർ വരുന്നു. മറ്റൊരിടത്ത് തീവ്രവാദികളായി വരുന്നു. സൗദി അറേബ്യയിൽ സലഫി വേഷത്തിൽ വരുന്നു. എന്നാൽ ഇവരെല്ലാവരും അടിസ്ഥാനപരമായി ഒന്നാണ്."

ഇവരെ ഒന്നിപ്പിക്കുന്ന ഘടകങ്ങൾ നാലാണ്:

1. *ലക്ഷ്യം:* അധികാരം പിടിച്ചെടുക്കുക (ഖിലാഫത്ത് സ്ഥാപിക്കുക എന്ന പേരിൽ).
2. *പ്രതീകങ്ങൾ:* ഹസനുൽ ബന്ന, സയ്യിദ് ഖുതുബ് തുടങ്ങിയ നേതാക്കളെ ആര് വിമർശിച്ചാലും അവർ സഹിക്കില്ല.
3. *സ്രോതസ്സുകൾ:* 'ഫീ ദിലാലിൽ ഖുർആൻ,' 'വഴിയടയാളങ്ങൾ' തുടങ്ങിയ ഗ്രന്ഥങ്ങൾ.
4. *മാർഗങ്ങൾ:* വിപ്ലവങ്ങൾ, അട്ടിമറികൾ, രഹസ്യ നീക്കങ്ങൾ.

സയ്യിദ് ഖുതുബ് എന്ന വ്യക്തി സംഘടനയിൽ ചേരുന്നത് 1953ലാണ്. അതിനുമുമ്പ് അദ്ദേഹം മേസണിക് പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിരുന്നു എന്ന് ചരിത്രം പറയുന്നു. സമൂഹത്തെ മൊത്തത്തിൽ 'ജാഹിലിയ്യത്ത്' (അവിശ്വാസം) എന്ന് മുദ്രകുത്തുന്ന 'തക്ഫീർ' ചിന്താഗതി ഇഖ്‌വാനിലേക്ക് കൊണ്ടുവന്നത് ഖുതുബാണ്.



**സൗദി അറേബ്യയിലേക്കുള്ള നുഴഞ്ഞുകയറ്റം**

ഇഖ്‌വാനികൾ സൗദി അറേബ്യയിൽ ഒരു സംഘടനയായി പ്രവർത്തിച്ചിട്ടില്ലെന്നും കേവലം ഒരു ചിന്താധാര മാത്രമായിരുന്നുവെന്നും ചിലർ വാദിക്കാറുണ്ട്. എന്നാൽ ശൈഖ് ഹമദ് അൽഅതീഖ് ഇതിനെ ശക്തമായി ഖണ്ഡിക്കുന്നു:

"അവർക്ക് സൗദിയിൽ കൃത്യമായ സംഘടനാ സംവിധാനം ഉണ്ടായിരുന്നു എന്നതിന് അവരുടെ തന്നെ ഉന്നത നേതാക്കളുടെ കുറ്റസമ്മതങ്ങൾ തെളിവാണ്. 'അലി അഷ്മാവി' തന്റെ ചരിത്രക്കുറിപ്പുകളിൽ വ്യക്തമാക്കുന്നത് സൗദിയിലെ ഇഖ്‌വാനികളുടെ ഉത്തരവാദിത്തം മന്നാഅ് അൽഖത്താൻ എന്ന വ്യക്തിക്കായിരുന്നു എന്നാണ്. സയ്യിദ് ഖുതുബ് തന്നെ സൗദിയിലെ ഇഖ്‌വാനികളുടെ സംഘാടനമികവിനെ പ്രശംസിച്ചിട്ടുണ്ട്."

കൂടാതെ, സൗദി അറേബ്യയുടെ ആഭ്യന്തര മന്ത്രിയായിരുന്ന അമീർ നായിഫ് ബിൻ അബ്ദുൽ അസീസ്, വിദേശകാര്യ മന്ത്രിയായിരുന്ന അമീർ സഊദ് അൽ ഫൈസൽ എന്നിവർ ഇഖ്‌വാനികൾ സൗദിയിൽ രഹസ്യമായി പ്രവർത്തിക്കുകയും ഭരണകൂടത്തെ വഞ്ചിക്കുകയും ചെയ്തതിനെക്കുറിച്ച് പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്.

**എങ്ങനെയാണ് അവർ സൗദിയിൽ പ്രവേശിച്ചത്?**

1937ലോ 38ലോ ഹസനുൽ ബന്ന ഹജ്ജിനായി മക്കയിലെത്തിയപ്പോൾ അബ്ദുൽ അസീസ്

രാജാവിനെ കണ്ട് സൗദിയിൽ ഒരു ശാഖ തുടങ്ങാൻ അനുമതി ചോദിച്ചു. എന്നാൽ ദീർഘവീക്ഷണമുള്ള രാജാവ് അത് നിരസിച്ചു കൊണ്ട് പറഞ്ഞു: 'നാം എല്ലാവരും സഹോദരങ്ങളാണ് (ഇഖ്‌വാനുകൾ), നമ്മളെല്ലാവരും മുസ്‌ലിംകളാണ്.'

എന്നാൽ, 1954ൽ ഈജിപ്തിൽ ജമാൽ അബ്ദുന്നാസിർ ഇഖ്‌വാനികളെ വേട്ടയാടാൻ തുടങ്ങിയപ്പോൾ, അവർ അഭയം തേടി സൗദി അറേബ്യയിലെത്തി. അല്ലാഹുവിന്റെ വചനം ഉയർത്തിപ്പിടിക്കുന്ന രാജ്യമെന്ന നിലയിൽ സൗദി അവരെ ഇരുകൈയും നീട്ടി സ്വീകരിച്ചു. എന്നാൽ അമീർ സഊദ് അൽഫൈസൽ പറഞ്ഞതുപോലെ, 'നാം അവർക്ക് അഭയം നൽകി, എന്നാൽ അവർ നമുക്കെതിരെ തിരിഞ്ഞു. അവർ നമ്മുടെ വിദ്യാഭ്യാസ മേഖലയിലും സമൂഹത്തിലും നുഴഞ്ഞുകയറി.'

**സൗദിയെ ലക്ഷ്യം വെക്കുന്നതിന് പിന്നിലെ കാരണങ്ങൾ**

ശൈഖ് ഹമദ് അൽഅതീഖ് വിശദീകരിക്കുന്നു: "ഇഖ്‌വാനികൾ സൗദിയെ പ്രധാന ലക്ഷ്യമാക്കാൻ നാല് കാരണങ്ങളുണ്ട്:

1. *ഇഖ്‌വാനി സിദ്ധാന്തത്തിന് ഭീഷണി:* 'ഭൂമിയിൽ അല്ലാഹുവിന്റെ ശരീഅത്ത് വിധിക്കുന്ന ഒരു ഭരണകൂടവും നിലവിലില്ല' എന്നതാണ് ഇഖ്‌വാനികളുടെയും സയ്യിദ് ഖുതുബിന്റെയും വാദം. എന്നാൽ തൗഹീദും സുന്നത്തും മുറുകെപ്പിടിച്ച് ഭരിക്കുന്ന സൗദി അറേബ്യയുടെ നിലനിൽപ്പ് അവരുടെ ഈ വാദത്തിന് തിരിച്ചടിയാണ്. അതിനാൽ ഈ മാതൃകയെ തകർക്കേണ്ടത് അവരുടെ ആവശ്യമാണ്.
2. *മതവികാരം:* സൗദി ജനതയ്ക്ക് മതത്തോടുള്ള അതിയായ സ്നേഹത്തെ മുതലെടുക്കാൻ അവർ ആഗ്രഹിച്ചു.
3. *ഹറമുകൾ:* ഇരു ഹറമുകളുടെയും (മക്ക, മദീന) സംരക്ഷകർ എന്ന പദവി ആഗ്രഹിക്കാത്തവരില്ല. ഇസ്‌ലാമിക ലോകത്തെ നയിക്കാൻ ഈ പദവി അത്യാവശ്യമാണെന്ന് അവർക്കറിയാം.
4. *പണ്ഡിതന്മാരുടെ സ്വാധീനം:* സൗദിയിലെ സലഫി പണ്ഡിതന്മാർക്ക് മുസ്‌ലിം ലോകത്തുള്ള സ്വാധീനം വളരെ വലുതാണ്. അത് പിടിച്ചെടുക്കാൻ അവർ ആഗ്രഹിച്ചു.

**നുഴഞ്ഞുകയറ്റത്തിന്റെ രീതികൾ**

സൗദി സമൂഹത്തെ കൈപ്പിടിയിലൊതുക്കാൻ അവർ രണ്ട് തന്ത്രങ്ങൾ പ്രയോഗിച്ചു:

1. *ഇസാല (നീക്കം ചെയ്യൽ/തഖ്‌ലിയ):* തങ്ങൾക്ക് ഭീഷണിയായവരെ വ്യക്തിഹത്യ നടത്തുക. ഉദാഹരണത്തിന്, അമീർ ഖാലിദ് അൽ ഫൈസലിനെ അവർ 'ലിബറൽ' എന്നും 'മതവിരുദ്ധൻ' എന്നും മുദ്രകുത്തി ആക്രമിച്ചു. കാരണം അദ്ദേഹം തീവ്രവാദത്തെയും അധാർമികതയെയും ഒരുപോലെ എതിർത്തിരുന്നു. മഹാനായ പണ്ഡിതൻ ശൈഖ് ഇബ്നു ബാസിനെ അവർ 'കൊട്ടാര പണ്ഡിതൻ' എന്നും 'കാഴ്ചയില്ലാത്തതിനാൽ ലോകവിവരം അറിയാത്തയാൾ' എന്നും പറഞ്ഞ് പരിഹസിച്ചു. അദ്ദേഹത്തിന്റെ ഫത്‌വകൾക്ക് വിലയില്ലാതാക്കാൻ അവർ ശ്രമിച്ചു.
2. *ഇഹ്‌ലാൽ (പകരം വെക്കൽ/തഹ്‌ലിയ):* യഥാർഥ പണ്ഡിതന്മാരെ മാറ്റിനിർത്തി, സയ്യിദ് ഖുതുബിനെയും മുഹമ്മദ് സുറൂറിനെയും പോലുള്ള തങ്ങളുടെ നേതാക്കന്മാരെ 'നവോത്ഥാന നായകരായി' അവതരിപ്പിച്ചു.

*ഇഖ്‌വാനി സേവകർ മൂന്ന് തരമാണ്:*

1. *സംഘടനാപരമായുള്ളവർ:* ഔദ്യോഗികമായി ബൈഅത്ത് ചെയ്ത് സംഘടനയിൽ ചേർന്നവർ.
2. *ചിന്താപരമായുള്ളവർ:* ബൈഅത്ത് ചെയ്തിട്ടില്ലെങ്കിലും ഇഖ്‌വാനി ആശയങ്ങൾ (സുറൂറിസം പോലുള്ളവ) പേറുന്നവർ. 'ഞാൻ ഇഖ്‌വാനിയല്ല, സലഫിയ്യ ഹറകിയ്യ ആണ്' എന്ന് പറയുന്നവർ യഥാർഥത്തിൽ ഇഖ്‌വാനികൾ തന്നെയാണ്.
3. *സഹായികൾ:* ഇവരൊന്നുമല്ലെങ്കിലും ഇഖ്‌വാനികളുടെ പ്രലോഭനങ്ങളിൽ വീണ് അവർക്ക് വേണ്ടി പണിയെടുക്കുന്നവർ.

മതത്തിന്റെ പരിവേഷമണിഞ്ഞ് സൗദി അറേബ്യയിൽ നുഴഞ്ഞുകയറിയ ഇഖ്‌വാനുൽ മുസ്‌ലിമൂൻ, രാജ്യത്തിന്റെ അടിത്തറയിളക്കാൻ നടത്തിയ ഗൂഢനീക്കങ്ങളുടെ ഒരു ആമുഖം മാത്രമാണിത്. വരാനിരിക്കുന്ന ഭാഗങ്ങളിൽ, സൗദിയിലെ വിദ്യാഭ്യാസ മേഖലയെ അവർ എങ്ങനെ കൈയടക്കിയെന്നതിനെക്കുറിച്ചും 'സഹ്‌വ' പ്രസ്ഥാനം എന്ന പേരിൽ ഇവർ നടത്തിയ അട്ടിമറി ശ്രമങ്ങളെക്കുറിച്ചും ഗൾഫ് യുദ്ധ കാലത്തെ ഇവരുടെ വഞ്ചനാപരമായ നിലപാടുകളെക്കുറിച്ചും നമുക്ക് വിശദമായി പരിശോധിക്കാം - ഇൻ ശാ അല്ലാഹ്.

*(തുടരും)*

സിയാദ് അൽഹികമി
വയനാട്

# അല്ലാഹു ഉത്തമമായത് പകരം നൽകും



അബൂ ക്വതാദ(റ) നിവേദനം; റസൂൽ(സ്വ) പറഞ്ഞു: "നിശ്ചയം, അല്ലാഹുവിനു വേണ്ടി നീ വല്ലതും ഉപേക്ഷിച്ചാൽ അതിലും ഉത്തമമായത് അതു കാരണം അല്ലാഹു നിനക്ക് പകരം തരാതിരിക്കില്ല" (അഹ്മദ് - 21996)

ഒരു മുസ്‌ലിം അതിരാവിലെ എഴുന്നേറ്റത് മുതൽ രാത്രി കിടക്കുംവരെയും നിത്യജീവിതത്തിൽ പാലിക്കേണ്ടതായ കുറെ കാര്യങ്ങൾ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. അതെല്ലാം ശരിയാം വിധം പ്രാവർത്തികമാക്കുന്ന വിശ്വാസിയുടെ പ്രതീക്ഷ അല്ലാഹുവിന്റെ തൃപ്തിയും പ്രതിഫലവുമാണ്. ഇതിലേക്ക് വെളിച്ചം വീശുന്ന ഒരു ഹദീസാണ് മുകളിൽ കൊടുത്തത്.

ദേഹേച്ഛകൾക്കെതിരായി പടവെട്ടി അല്ലാഹുവിന്റെ നിയമങ്ങൾ കാത്തുസൂക്ഷിക്കുന്നതിലൂടെയും നടപ്പിലാക്കുന്നതിലൂടെയും ലഭിക്കുക മഹത്തായ പ്രതിഫലമാണ്. ഈ ഹദീസിന്റെ വിശദീകരണത്തിൽ ഇബ്നുൽ ക്വയ്യിം(റഹി) പറയുന്നു: "അല്ലാഹു 'പകരം നൽകും' എന്നു പറയുന്നത് വ്യത്യസ്ത രൂപങ്ങളിലാകാം. അതിൽ ഏറ്റവും പ്രധാനം (ആ പ്രവൃത്തി ചെയ്യുന്നതിലൂടെ) അല്ലാഹുവിനോടുള്ള സ്നേഹവും ഹൃദയത്തിനും മനസ്സിനും ലഭിക്കുന്ന സ്ഥൈര്യവും സമാധാനവും സംതൃപ്തിയുമാണ്" (അൽഫവാഇദ്).

വിശ്വാസിയെ സംബന്ധിച്ചിടത്തോളം അതിപ്രധാനം അല്ലാഹു കൽപിച്ചത് ചെയ്യുന്നതിലൂടെയും വിരോധിച്ചതിൽനിന്നും വിട്ടുനിൽക്കുന്നതിലൂടെയും ലഭിക്കുന്ന മനഃസംതൃപ്തിയാണ്. സമ്പത്തും ശരീരവും അല്ലാഹുവിന്റെ മാർഗത്തിൽ വിനിയോഗിക്കുന്നതും സ്വഭാവം നന്നാക്കുന്നതും ദേഷ്യം അടക്കിവയ്ക്കുന്നതും എന്നിങ്ങനെ വലുതും ചെറുതുമായ ഏതൊരു സൽകർമവും പ്രതിഫലാർഹമാണ്.

മുആദ് ഇബ്നു അനസി(റ)ൽനിന്നും നിവേദനം: "നിശ്ചയം, അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'ആരെങ്കിലും സാഹചര്യങ്ങൾ അനുഗുണമായിട്ടും ദേഷ്യം അടക്കിപ്പിടിച്ചാൽ അല്ലാഹു

അവനെ സൃഷ്ടികൾക്ക് മുമ്പിൽ വിളിക്കുകയും അവന് ഇഷ്ടമുള്ള, സ്വർഗത്തിലെ വസ്ത്രങ്ങൾ തിരഞ്ഞെടുക്കാൻ നൽകുകയും ചെയ്യും” (അഹ്മദ്, അബൂദാവൂദ്, ഇബ്നു മാജ).

“ചില സൽകർമങ്ങൾക്ക് ഇഹലോകത്തുവച്ച് തന്നെ അല്ലാഹു ചില അനന്തരഫലങ്ങൾ നൽകിയേക്കാം. മുഹാജിറുകൾ ഇതിന് ഉദാഹരണമാണ്. അല്ലാഹുവിനുവേണ്ടി വീടും ജനിച്ച നാടും സമ്പത്തുമെല്ലാം ഉപേക്ഷിച്ച മുഹാജിറുകൾക്ക് പിൽക്കാലത്ത് അല്ലാഹു സമ്പത്ത് പകരമായി നൽകി. ഭൂമിയുടെ കിഴക്കും പടിഞ്ഞാറും അല്ലാഹു അവർക്ക് കീഴ്പെടുത്തിക്കൊടുത്തു” (ഇബ്നുൽ ക്വയ്യിം, റൗദത്തുൽ മുഹിബ്ബീൻ: 445).

അല്ലാഹു ‘പകരം നൽകുന്നത്’ പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിക്കാൻ കഴിയുന്നതാകണമെന്നില്ല. വിശ്വാസദൃഢതയും അല്ലാഹുവിന്റെ വിധിയിലുള്ള സമ്പൂർണ തൃപ്തിയും പോലുള്ളത് നൽകിക്കൊണ്ടുമാകാം. ഇഹലോകത്തെ നേട്ടം മാത്രം ആഗ്രഹിച്ച് ജീവിക്കൽ പരലോകത്ത് കനത്ത നഷ്ടമാണ് വരുത്തിവയ്ക്കുക. അല്ലാഹു പറയുന്നു: “ക്ഷണികമായതിനെ (ഇഹലോകത്തെ)യാണ് വല്ലവരും ഉദ്ദേശിക്കുന്നതെങ്കിൽ അവർക്ക് അഥവാ (അവരിൽനിന്ന്) നാം ഉദ്ദേശിക്കുന്നവർക്ക് നാം ഉദ്ദേശിക്കുന്നത് ഇവിടെ വച്ചുതന്നെ വേഗത്തിൽ നൽകുന്നതാണ്. പിന്നെ നാം അങ്ങനെയുള്ളവന്ന് നൽകുന്നത് നരകമായിരിക്കും. അപമാനിതനും പുറന്തള്ളപ്പെട്ടവനുമായിക്കൊണ്ട് അവൻ അതിൽ കടന്നെരിയുന്ന താണ്’’ (ക്വുർആൻ 17: 18-20).



നസീമ വാടാനപ്പള്ളി



# ക്ഷമയിലെ നന്മ

03

അല്ലാഹു നമ്മിൽ നിന്നും ഒരു സൽകർമം സ്വീകരിക്കണമെങ്കിൽ അതിൽ രണ്ടു കാര്യങ്ങൾ നിർബന്ധമാണ്:

1) നിഷ്കളങ്കമായ നിയ്യത്ത്. 2) നബി(സ്വ)യുടെ ചര്യ പിൻപറ്റൽ.

ഏതൊരു ആരാധന ചെയ്യുമ്പോഴും ഇക്കാര്യം നാം ശ്രദ്ധിക്കണം. നമസ്കാരത്തെ ഉദാഹരണമായി എടുക്കാം. അല്ലാഹുവിന്റെ തൃപ്തിയും പ്രതിഫലവും ആഗ്രഹിച്ചുകൊണ്ടും നബി(സ്വ)യുടെ ചര്യ പിൻപറ്റിയുമായിരിക്കണം നമസ്കാരം നിർവഹിക്കുന്നത്. അല്ലാഹു പറയുന്നു: “എന്നാൽ നമസ്കാരക്കാർക്കാകുന്നു നാശം. തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരായ. ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരായ” (ക്വുർആൻ 107: 4-6).



> ഇബാദത്തുകൾ അഥവാ സൽകർമങ്ങൾ നഷ്ടപ്പെടുത്തുന്ന പ്രവൃത്തികളിൽനിന്നും വിട്ടുനിൽക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഇതും ക്ഷമകൊണ്ടു മാത്രമെ നേടാൻ കഴിയൂ. സൽകർമങ്ങളെ നിഷ്ഫലമാക്കിക്കളയുന്ന പരദൂഷണം നാവിനെ സൂക്ഷിക്കാൻ സാധിക്കാത്തവരിൽ നിന്നും സംഭവിക്കുന്നതാണ്.

നിശ്ചിത സമയത്ത് നിർവഹിക്കൽ, ഭയഭക്തി ഉണ്ടായിരിക്കൽ, അടക്കത്തോടെയും ഒതുക്കത്തോടെയും ഓരോ കാര്യവും നിർവഹിക്കൽ എന്നിവ നമസ്കാരത്തിന്റെ സ്വീകാര്യതക്ക് അനിവാര്യമാണ്. ക്ഷമയുണ്ടെങ്കിലേ ഭംഗിയായി ഇതെല്ലാം നിർവഹിക്കാൻ സാധിക്കുകയുള്ളൂ. ക്ഷമയില്ലാത്തവരുടെ നമസ്കാരം കേവലമൊരു ചടങ്ങായി മാറും.

നമസ്കാരത്തിൽ കൈകെട്ടി റബ്ബിന്റെ മുന്നിൽ നിന്നുകൊണ്ട് ഫാതിഹ ഓതുമ്പോൾ ഓരോ ആയത്തിനും റബ്ബ് മറുപടി തരുന്നുണ്ടെന്ന് സ്വഹീഹായ ഹദീസിൽ കാണാം. എന്നാൽ നമ്മൾ അർഥമറിഞ്ഞും ക്ഷമയോടെയും ആ മറുപടി പ്രതിക്ഷിച്ചും അത് പാരായണം ചെയ്യാറുണ്ടോ?

ഇബാദത്തുകൾ അഥവാ സൽകർമങ്ങൾ നഷ്ടപ്പെടുത്തുന്ന പ്രവൃത്തികളിൽനിന്നും വിട്ടുനിൽക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഇതും ക്ഷമകൊണ്ടു മാത്രമെ നേടാൻ കഴിയൂ. സൽകർമങ്ങളെ നിഷ്ഫലമാക്കിക്കളയുന്ന പരദൂഷണം നാവിനെ സൂക്ഷിക്കാൻ സാധിക്കാത്തവരിൽനിന്നും സംഭവിക്കുന്നതാണ്.

ഇബ്നുമാജ(റഹി) തന്റെ സുനനിൽ ഉദ്ധരിക്കുന്ന ഒരു ഹദീസുണ്ട്. മുആദുബ്നു ജബൽ(റ) വിവരിക്കുന്ന സുദീർഘമായ ആ ഹദീസിൽ സ്വർഗം ലഭിക്കാനും നരകത്തിൽനിന്നും രക്ഷപ്പെടാനുമുള്ള കാര്യങ്ങൾ നബി(സ്വ) വിശദീകരിക്കുന്നുണ്ട്. ഇസ്‌ലാം കാര്യങ്ങളും നന്മയുടെ മറ്റു കാര്യങ്ങളും പറഞ്ഞുകൊടുത്തതിനു ശേഷം റസൂൽ(സ്വ) മുആദി(റ)നോട് ചോദിക്കുന്നു: “ഇതിനോടെല്ലാം കിടപിടിക്കുന്ന ഒരു കാര്യം നിങ്ങൾക്കു ഞാൻ പറഞ്ഞു തരട്ടെയോ?” എന്നിട്ട് അവിടുന്ന് തന്റെ നാവ് പുറത്തേക്കു നീട്ടി അതിൽ പിടിച്ചുകൊണ്ടു പറഞ്ഞു: “ഇതിനെ നീ സൂക്ഷിച്ചോളൂ, പിടിച്ചു വെച്ചോളൂ...”

ചെയ്ത സൽകർമങ്ങളുടെ പ്രതിഫലം നഷ്ടപ്പെടുത്തുന്ന ഒരു കാര്യത്തിന്റെയും പിന്നാലെ പോകാതിരിക്കാൻ ക്ഷമ അനിവാര്യമാണ്. നമസ്കാരം, നോമ്പ്, ക്വുർആൻ പാരായണം, ദാനധർമങ്ങൾ, മാതാപിതാക്കൾക്ക് നന്മ ചെയ്യൽ, ദാമ്പത്യ ജീവിതം തുടങ്ങി എല്ലാ കാര്യങ്ങളും ക്ഷമ ഒഴിച്ചു കൂടാനാവാത്തതാണ്.


“സഹനവും നമസ്കാരവും മുഖേന (അല്ലാഹുവിന്റെ) സഹായം തേടുക. അത് (നമസ്കാരം) ഭക്തൻമാരല്ലാത്തവർക്ക് വലിയ (പ്രയാസമുള്ള) കാര്യം തന്നെയാകുന്നു” (2:45).

നോമ്പിന്റെ കാര്യം പ്രത്യേകം പറയേണ്ടതില്ല. പ്രഭാതം മുതൽ പ്രദോഷംവരേക്കും ക്ഷമയാൽ പൂർത്തീകരിക്കപ്പെടേണ്ട ഒരു ഇബാദത്താണ്. വിശപ്പും ദാഹവും ലൈംഗിക താൽപര്യവും പകൽ മുഴുവൻ അടക്കിവയ്ക്കാൻ ക്ഷമയുള്ളവർക്കേ കഴിയൂ. ■

തെസ്ന വീരാൻ

# ചോദ്യങ്ങൾ

ബാല്യംതൊട്ടുള്ളിൽ
മുളച്ചതൊരുപാടു ചോദ്യങ്ങൾ.
പിറകിലേക്കോടും മരങ്ങളും
പറയാതെ പെയ്യും മഴയും
തൂണില്ലാത്ത മേലാപ്പു പന്തലും
അങ്ങനെയങ്ങനെ...
ചോദിക്കാൻ മടിച്ച ചോദ്യങ്ങൾ
ഉള്ളിൽ ചുട്ടുപഴുത്തപ്പോഴേക്കും
ചിന്തകൾക്കൊപ്പം
ഞാനും വളർന്നു.
വളർച്ചയുടെ ഇടയിൽ കുരുങ്ങുമ്പോൾ
കുമിഞ്ഞുകൂടിയ ചോദ്യങ്ങളെല്ലാം
ഉത്തരങ്ങളില്ലാതെ കൂമ്പാരമായി.
കൂട്ടിയും കിഴിച്ചും സമം
തീർക്കുമ്പോഴും,
ലോകയുദ്ധങ്ങൾ
പാഠപുസ്തകത്തിൽ
കഥകളി തുടങ്ങുമ്പോഴും,
പോസിറ്റീവും നെഗറ്റീവും
ചാർജിനായി കടിപിടി കൂടുമ്പോഴും,
ഹിറ്റ്ലറും മുസോളിനിയും
ഇടനെഞ്ചിനകത്ത്
വെടിവെച്ചു കളിക്കുമ്പോഴും,
ഉറക്കമില്ലാത്ത രാത്രികളിൽ
ചോദ്യങ്ങൾ മാത്രമായിരുന്നു കൂട്ട്.
ഉണരാൻ വൈകിയ
അരമണിക്കൂറിനെ പഴിച്ച്
ഉണ്ണാതെ തീർത്ത വീട്ടുവേലകളും
നാടുറങ്ങിയാലും ഞാനും ഇരുട്ടും
ഒറ്റയ്ക്കു പാടുന്ന താരാട്ടുകളും
ഉപ്പും മുളകും തീർക്കുന്ന
രാസമാറ്റങ്ങളും ഇന്ന്
പഴയ ചോദ്യങ്ങളെ കുഴിച്ചുമൂടുന്നു.
ഇപ്പോൾ എനിക്കു പറയാം;
ജീവിതത്തിന്റെ പിരിയോഡിക് ടേബിളും
കണക്കുകൂട്ടലിൽ പിഴച്ച
സമയങ്ങളിലെ ശിഷ്ടങ്ങളും
മാഞ്ഞുപോയ പലതിന്റെയും
രാസനാമങ്ങളും
ഞാനൊറ്റയ്ക്കമ്പയെതു ജയിച്ച
എന്റെ സ്വന്തം ലോകയുദ്ധവും...




Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

പുറത്തിറങ്ങി

മലയാളത്തിൽ ആദ്യമായി




ലളിതമായ രീതിയിലുള്ള അവതരണം

നിങ്ങളുടെ കോപികൾ ഉറപ്പ് വരുത്തുക

~~₹450~~ ₹370

# തഫ്സീർ അസ്സഅദി

[മലയാളം]

ജുസ്അ് 28-30

**അബ്ദുറഹ്മാൻ നാസിർ അസ്സഅദി** رحمه الله

വിവർത്തനം: **ഹാരിസ് ബിൻ സലീം**




പുസ്തകം നിങ്ങളുടെ **വീട്ടിൽ** എത്തിക്കുന്നു

WISDOM BOOKS


**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram,
Kozhikode 673002. Mob: +91 7356766478
www.wisdombooksonline.com


CONTACT: Mob: +91 7356 766 478

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
13 December 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

# നിലപാടുകളിൽ കാലിടറാതെ, ഒമ്പതാം വയസ്സിലേക്ക്...



WISDOM
ISLAMIC ORGANIZATION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹ 550

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ കാലം

## 2025 നവംബർ: 01 - ഡിസംബർ: 31

#Nerpathamweekly

Circulation Manager | Nerpatham Weekly | CV Complex | PV Swami Road | Chalappuram PO
Kozhikkode 673002 | Kerala | India | PH: 0495 4019437 | +91 92075 25244
mail@nerpatham.com | www.nerpatham.com